# എം.കെ.എസ്.പി.
# കാർഷിക മേഖല പദ്ധതികൾ
# 2019 – 20

# ഉള്ളടക്കം


| ക്രമ നം. | പദ്ധതികൾ (2019-20) | പേജ് നം. |
|---|---|---|
| AG 13 | ഗ്രീൻ കാർപെറ്റ്സ് | 5 |
| AG 14 | മൊബൈൽ ആപ്ലിക്കേഷൻ | 8 |
| AG 15 | അഗ്രി പ്രൊജക്റ്റ് കൺസൽട്ടൻറ് | 10 |
| AG 16 | സ്മാർട്ട് അഗ്രി വില്ലേജുകൾ | 12 |
| AG 17 | മത്സ്യകൃഷി | 14 |
| AG 18 | അഗ്രി ബിസിനസ്സ് വെൻച്യൂർസ് | 16 |
| AG 19 | ജെ എൽ ജി ക്യാമ്പയിൻ | 18 |
| AG 20 | നാട്ടുചന്തകളുടെ പുനരുദ്ധാരണം | 21 |
| AG 21 | ചെറുകിട മൂല്യ വർധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ | 23 |
| AG 22 | ബയോ ഫാർമസി | 25 |
| AG 23 | യന്ത്രവത്കരണം | 27 |
| | തുടർ പദ്ധതികൾ (2018-19) | |
| AG 01 | ജൈവ കൃഷി | 30 |
| AG 03 | ഇന്റൻസീവ് വാഴ കൃഷി | 32 |
| AG 04 | തരിശു കൃഷി | 33 |
| AG 05 | പ്ലാന്റ് നഴ്സറി | 34 |
| AG 06 | അഗ്രി തെറാപ്പി | 36 |
| AG 07 | പ്രൊഡ്യൂസർ കമ്പനി | 37 |
| AG 08 | മൂല്യ വർധിത യൂണിറ്റ് (ഇടത്തരം) | 39 |
| AG 09 | ട്രൈബൽ ജെ.എൽ.ജി/ജീവ | 41 |
| AG 10 | ഔഷധ സസ്യകൃഷി | 42 |
| AG 11 | നെല്ല് ഉല്പാദന കൂട്ടായ്മകൾ | 43 |
| AG 12 | ടെക്നോളജി ഫണ്ട് | 44 |

# AG 13 'ഗ്രീൻ കാർപെറ്റ്സ്' മൊബൈൽ ഗാർഡൻ ഇൻസ്റ്റലേഷൻ യൂണിറ്റുകൾ

**ലക്ഷ്യം:**

- കേരളത്തിലെ പൂന്തോട്ട നിർമ്മാണ പരിപാലന മേഖലയിൽ കുടുംബശ്രീയുടെ ബ്രാൻഡ് സമൂഹത്തിനു പരിചിതമാക്കുക.
- സംസ്ഥാനത്തൊട്ടാകെ 70 യൂണിറ്റുകൾ (ഓരോ ജില്ലയിൽ 5) രൂപീകരിക്കുക.

**പശ്ചാത്തലം:**

പൂന്തോട്ട നിർമ്മാണ - പരിപാലന മേഖലയിൽ നിലവിൽ സേവനം നൽകുന്ന യൂണിറ്റുകൾ കേരളത്തിൽ കുറവാണെന്നതു മാത്രമല്ല ഏവർക്കും പരിചിതമായ യൂണിറ്റുകൾ നിലവിലുമില്ല. വനിതാ കർഷകർക്ക് ഇത്തരം സംരംഭങ്ങൾ ഏറ്റെടുക്കാൻ ആവശ്യമായ സാങ്കേതിക - സാമ്പത്തിക സഹായങ്ങൾ നൽകിയാൽ മട്ടുപ്പാവ് കൃഷി, അടുക്കളത്തോട്ട നിർമ്മാണം, അലങ്കാര പുഷ്പോദ്യാനം തുടങ്ങിയവയിൽ വൈദഗ്ധ്യം ഉള്ള സംഘങ്ങൾ രൂപീകരിക്കാനും ഉയർന്ന വരുമാനം ലഭ്യമാക്കാനും കഴിയും.

**പ്രവർത്തന തന്ത്രം:**

- ഈ മേഖലയിൽ താത്പര്യമുള്ള ജെഎൽജി അംഗങ്ങളെ പ്രൊഫഷണൽ ട്രൈനിംഗ് നൽകി പ്രാവീണ്യമുള്ളവരായി മാറ്റുക. (ജില്ലയിൽ കുറഞ്ഞത് 5 യൂണിറ്റുകൾ)
- വീടുകളിലും മറ്റു സ്ഥാപനങ്ങളിലും ഉപഭോക്താവിന്റെ താത്പര്യത്തിന് അനുസരിച്ചുള്ള പൂന്തോട്ടങ്ങൾ, പച്ചക്കറി തോട്ടങ്ങൾ എന്നിവ ഗുണമേന്മയോടും ആകർഷകമായും നിർമ്മിച്ച് നൽകാനും, തുടർ സേവനങ്ങൾ നൽകാനും പ്രാപ്തരാക്കുക.
- ഗുണഭോക്താക്കളുടെ അഭിപ്രായവും നിർദ്ദേശവും വിലയിരുത്തി യൂണിറ്റുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്താനുള്ള കേന്ദ്രീകൃത സംവിധാനം.
- ഗുണഭോക്താക്കൾക്ക് അവരുടെ അഭിപ്രായവും നിർദ്ദേശവും നേരിട്ട് അറിയിക്കാൻ ടോൾ ഫ്രീ നമ്പർ എല്ലാ ജില്ലയിലും ലഭ്യമാക്കുക.
- ഓരോ യൂണിറ്റിനും ഒരു ലക്ഷം രൂപ വരെ ഒന്നര വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കേണ്ട റിവോൾവിങ് ഫണ്ട് ആയി നൽകാവുന്നതാണ്.

## ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ

### ക്വാർട്ടർ – 1

### മെയ്–ജൂലൈ

- ബന്ധപ്പെട്ട മേഖലയിൽ പ്രാവീണ്യമുള്ള സർക്കാർ / സർക്കാരി തര സ്ഥാപനങ്ങളെ അതത് ജില്ലാമിഷൻ എംപാനൽ ചെയുകയും ഇവരുടെ സഹായത്തോടെ ട്രെയിനിങ് മോഡ്യൂളും പരിശീലന ഷെഡ്യൂളും പൂർത്തീകരിക്കുക.
- മെയ് മാസം തെരഞ്ഞെടുക്കപ്പെട്ട ഏജൻസികളുടെയും സഹാ യത്തോടെ ജനറൽ ഓറിയെന്റേഷൻ ട്രെയിനിങ് ആരംഭിക്കുക യും എല്ലാ ജില്ലയിലും അഞ്ചു വീതം ഗുണഭോക്തൃ സംഘങ്ങളെ കണ്ടെത്തുകയുംവേണം.
- ജൂൺ മാസം മുതൽ തിരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കാനും തുടർന്ന് ഉന്നത സാങ്കേതിക പരിശീലനവും എക്സ്സ്പോഷർ വിസിറ്റും അടക്കം സംഘങ്ങൾക്ക് നൽകാനും ശ്രദ്ധിക്കണം. റിവോൾവിങ് ഫണ്ടിന്റെ ലഭ്യത എല്ലാ യൂണിറ്റുകൾക്കും ഉറപ്പു വരുത്തണം

### ക്വാർട്ടർ – 2

### ഓഗസ്റ്റ്–ഒക്ടോബർ

- ജില്ലാടിസ്ഥാനത്തിൽ പ്രവർത്തന സജ്ജമായ യൂണിറ്റുകൾക്ക് വേണ്ടത്ര പ്രചാരം നൽകാനുള്ള ഉപായങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. ബ്രാൻഡിംഗ്നും പ്രചാരണത്തിനും വേണ്ടി ഒരു ജില്ലക്ക് 50000 രൂപ വീതം വകയിരുത്തിയിട്ടുണ്ട്
- അർദ്ധ നഗര / നഗര പ്രദേശങ്ങളെ കൂടുതൽ കേന്ദ്രീകരിച്ചു യൂണിറ്റുകളുടെ പ്രവർത്തന പരിപാടികൾ സംവിധാനം ചെയ്യുന്നത് നന്നായിരിക്കും. ആയതിലേക്കായി സാധ്യമായ എല്ലാ വകുപ്പുകളുടെയും ( തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ / കോളേജുകൾ / സ്വകാര്യ സ്ഥാപനങ്ങൾ / വ്യക്തികൾ / മറ്റുള്ളവ ) സംയോജനം ഉറപ്പു വരുത്തണം

### ക്വാർട്ടർ – 3

### നവംബർ–ജനുവരി

- നവംബർ ആകുമ്പോഴേക്കും കുറഞ്ഞത് പത്തു സേവനങ്ങളെങ്കിലും ലഭിക്കുന്ന തലത്തിലേക്ക് ഓരോ യൂണിറ്റിനേയും ഉയർത്താൻ കഴിയണം. ഓരോ ജില്ലയിലും ടോൾ ഫ്രീ നമ്പർ സേവനത്തിനു ഏർപ്പെടുത്തുന്നതിനോ യൂബർ ഈറ്റ്സ് മാതൃകയിൽ ഒരു ആപ്ലിക്കേഷൻ കൊണ്ട് വരുന്നതിനോ ഉള്ള സാധ്യതകൾ സംസ്ഥാന മിഷൻ പരിശോധിക്കും.

- ജനുവരിയിൽ പ്രവർത്തനാവലോകനം നടത്തുമ്പോൾ കുടുംബശ്രീയുടെ പൂന്തോട്ട നിർമ്മാണ പരിപാലന സംഘങ്ങൾ ഏവർക്കും പരിചിതമായ ഒരു ബ്രാൻഡ് ആയി സംസ്ഥാന/ ദേശീയ തലത്തിൽ അറിയപ്പെടുകയും പ്രശസ്തി നേടുകയും ചെയ്യുന്ന തരത്തിൽ തീർച്ചപ്പെടുത്താൻ നമുക്ക് കഴിയേണ്ടതുണ്ട്.

## മോണിറ്ററിങ് പരാമീറ്റർ

- രൂപീകൃതമായ യൂണിറ്റുകളുടെ എണ്ണം
- ഓരോ യൂണിറ്റും എത്ര സേവനങ്ങൾ ലഭ്യമാക്കി.
- ഓരോ യൂണിറ്റിന്റെയും വാർഷിക വരുമാനം.

**ചുമതലയുള്ള വ്യക്തി : ഐശ്വര്യ വി. എ.**
എസ്.എ.പി.എം, (എം.കെ.എസ്.പി)

## AG 14 എംകെഎസ്പി മൊബൈൽ ആപ്പ്

**ലക്ഷ്യം**

മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് കാർഷിക പ്രവർത്തനങ്ങളുടെ കണക്കെടുപ്പ്, വിലയിരുത്തൽ, ആസൂത്രണം എന്നിവ ചെയ്യുന്നത് വഴി കാർഷിക മേഖലയുടെ സമഗ്ര പുരോഗതി നടപ്പിൽ വരുത്തുക.

**പശ്ചാത്തലം**

സംസ്ഥാനത്തൊട്ടാകെ 65031 കൃഷി സംഘങ്ങളിലായി 334910 വനിതാ കർഷകർ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു. ഇത്രയും കൃഷി സംഘങ്ങളുടേയും വനിതാ കർഷകരുടേയും മുഴുവൻ വിവരവും ലഭ്യമാക്കേണ്ടതായിട്ടുണ്ട്. വിവരങ്ങൾ ശേഖരിക്കാനും അത് നിരന്തരം നിരീക്ഷിക്കാനുമുള്ള മാർഗ്ഗം നിലവിലില്ല. മൊബൈൽ ആപ്ലിക്കേഷൻ വഴി ശേഖരിക്കുന്ന വിവരങ്ങളിൽ നിന്നും കർഷകരുടെ അടിസ്ഥാന വിശദാംശങ്ങൾ, കൃഷി സ്ഥലത്തിന്റെ വിസ്തൃതി, വിള വിവരങ്ങൾ, ഇനം, രീതി, പ്രവർത്തനങ്ങൾ, വിവിധ പദ്ധതികളുടെ പുരോഗതി, ഗ്രേഡിംഗ് എല്ലാം ഒരുമിച്ച് ലഭ്യമാക്കാനാകും.

**പ്രവർത്തന തന്ത്രം**

- നെട്രോക്സ് എന്ന കമ്പനിയുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത മൊബൈൽ ആപ്പ് 2019-20 വർഷത്തിൽ എല്ലാ ജില്ലകളിലും കാർഷിക വിവരശേഖരണത്തിനായി ഉപയോഗിക്കും.
- ഇതുമായി ബന്ധപ്പെട്ടു വരുന്ന സർവ്വേയ്ക്കായി ജീവ/ സി എൽ സി ടീമിനെ ഉപയോഗപ്പെടുത്തും.
- സി ആർ പിയുടെ സഹായത്തോടെ ജില്ലാ മിഷൻ ക്രോഡീകരിക്കുന്ന വിവരങ്ങൾ (ജിയോ ടാഗ്ഗിങ് അടക്കം) സംസ്ഥാന മിഷനും മോണിറ്റർ ചെയ്യാനാകും.

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ – 1**

**മെയ് – ജൂലൈ**

- മെയ് മാസം തന്നെ ജില്ലകളിൽ ADMC , DPM , BC ജീവ , CLC എന്നിവർക്കുള്ള പരിശീലനം ആരംഭിക്കും. ഒപ്പം മൊബൈൽ ആപ്പിന്റെ സംസ്ഥാന തല ഉദ്ഘാടനം (ചുമതല സ്റ്റേറ്റ് മിഷൻ).
- അടിസ്ഥാന വിവരങ്ങളുടെയും മറ്റുവിശദാംശങ്ങളുടെയും ശേഖരണം ആപ്പ് വഴി നടത്തുക ജീവ/സി എൽ സി യുടെ ചുമതല ആയിരിക്കും. ഇതിലേക്കായി ഒരു JLG യുടെ വിവരശേഖരണത്തിന് നൂറു രൂപ വീതം CRP ക്കു ഹോണറേറിയം ആയി നൽകാം.

- ജില്ലയിൽ തിരഞ്ഞെടുത്ത ഒരു സി ഡി എസ്സിൽ പ്രവർത്തന പരീക്ഷണം നടത്തി ന്യൂനതകൾ സ്റ്റേറ്റ് മിഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതും ജൂൺ മാസത്തിൽ തന്നെ ജില്ലയിലുടനീളം മൊബൈൽ ആപ്പിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതുമാണ്
- ജൂലൈ മുതൽ ഒന്നാം വിള സർവ്വേ ആരംഭിക്കേണ്ടതുണ്ട്. ഇതിന്നായി ജില്ലാ തലത്തിൽ ADMC , DPM എന്നിവർ ഒരു യോഗം വിളിച്ചു കൂട്ടി സമയ ബന്ധിതമായ ആദ്യഘട്ട സർവ്വേയുടെ പദ്ധതി തയ്യറാക്കുകയും കൃത്യമായി വിവര ശേഖരണം പൂർത്തിയാക്കുകയും വേണം

## ക്വാർട്ടർ – 2
## ഓഗസ്റ്റ്–ഒക്ടോബർ

- സംസ്ഥാനാടിസ്ഥാനത്തിൽ ആദ്യ ഘട്ട വിവര ക്രോഡീകരണം, വിശകലനം, റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ സ്റ്റേറ്റ് മിഷൻ നടത്തുകയും ഡാറ്റ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുയും ചെയ്യും.
- രണ്ടാം വിള സർവ്വേ ആദ്യ സർവ്വേ പോലെ ആരംഭിക്കുകയും വിവര ക്രോഡീകരണം, വിശകലനം , റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയുടെ പൂർത്തീകരണവും പ്രസിദ്ധീകരണവും.

## ക്വാർട്ടർ – 3
## നവംബർ–ജനുവരി

- വാർഷിക ഡാറ്റ വിശകലനവും ആക്ഷൻ പ്ലാൻ തയ്യാറാക്കലും. ഡാറ്റയെ അടിസ്ഥാനമാക്കി സമഗ്ര കാർഷിക വികസനവും പുരോഗതിയും ലക്ഷ്യമാക്കിയുള്ള മാക്രോ , മൈക്രോ പ്ലാനുകൾ ആസൂത്രണം ചെയ്യുക. നിലവിലുള്ള പദ്ധതികളുടെ പോരായ്മ നികത്താനും ഗ്രേഡിംഗ് അടക്കമുള്ള തന്ത്രങ്ങളിലൂടെ നിലവാരം മെച്ചപ്പെടുത്താനും മാത്രമല്ല എല്ലാ പദ്ധതികളിലും അവശ്യ ഘട്ടങ്ങളിൽ കൃത്യമായ മോണിറ്ററിങ്ങിലൂടെ പ്രാദേശികമായി ഇടപെടാനും കഴിയുന്ന തരത്തിൽ ആപ്പിന്റെ സേവനം ഉപയോഗപ്പെടുത്തണം
- എല്ലാ തരം ആവശ്യങ്ങൾക്കും വാർഡ് തലം മുതൽ സംസ്ഥാന തലം വരെയുള്ള ഏതു കാർഷിക വിവരവും ഞൊടിയിടയിൽ ലഭ്യമാക്കാൻ കഴിയുന്ന വിധത്തിൽ കൃത്യതയോടെ ആപ്പിന്റെ അപ്ഡേഷൻ ചെയ്യാൻ എല്ലാ ജില്ലകളും ശ്രദ്ധിക്കേണ്ടതാണ്.

## മോണിറ്ററിങ് പാരാമീറ്റർ:

- അപ്‌ലോഡ് ചെയ്ത കർഷക സംഘങ്ങളുടേയും കർഷകരുടേയും എണ്ണം, കൃഷിഭൂമിയുടെ വിസ്തൃതി, വിള വിവരം, വിവിധ പദ്ധതികളുടെ പുരോഗതി മുതലായവ.

**ചുമതലയുള്ള വ്യക്തി : ആര്യ. എസ്. ബി.**
എസ്.എ.പി.എം (എം.കെ.എസ്.പി)

# AG 15 അഗ്രി പ്രോജക്ട് കൺസൾറ്റൻറ്സ്

**ലക്ഷ്യം**

കാർഷിക മേഖലയിലെ 2019-20 വർഷത്തേയ്ക്കുള്ളതും തുടർന്നുമുള്ള വിവിധ പ്രൊപ്പോസലുകൾ തയ്യാറാക്കാൻ ഓരോ ജില്ലയിൽ നിന്നും പ്രാപ്തരായ മൂന്ന് അഗ്രി പ്രോജക്ട് കൺസൾട്ടന്റുമാരെ വാർത്തെടുക്കുക.

**പശ്ചാത്തലം**

കുടുംബശ്രീയുടെ പല കാർഷിക പദ്ധതികൾക്ക് മാത്രമല്ല നിരവധി സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിലേക്കും സംയോജിത പദ്ധതികളുടെ ഭാഗമായി പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി നൽകേണ്ടതുണ്ട്. ഇതിനു പ്രാപ്തരായ റിസോഴ്സ് പേഴ്സൺമാരുടെ അഭാവം നിലവിലുണ്ട്. കൃഷിയിൽ പരിജ്ഞാനവും താൽപര്യവും പ്രൊജക്റ്റ് എഴുതാൻ തൽപ്പരരുമായ കൺസൾട്ടന്റുമാരിലൂടെ നിലവാരമുള്ള പ്രോജക്ടുകൾ സമയബന്ധിതമായി തയ്യാറാക്കി പദ്ധതി നിർവഹണം വേഗത്തിലാക്കാം.കുടുംബശ്രീ വഴി സംരംഭം ആരംഭിക്കുന്ന സ്ത്രീകൾക്കും കർഷകർക്കും ഈ സേവനം ലഭ്യമാകും.

**പ്രവർത്തന തന്ത്രം**

- 3 ബ്ലോക്ക് കോ-ഓർഡിനേറ്റർമാരെ വീതം എ പി സി പരിശീലനത്തിനായി ജില്ലകൾക്ക് നാമനിർദ്ദേശം ചെയ്യാം.
- തിരഞ്ഞെടുത്ത ബിസിമാർക്ക് സംസ്ഥാന തലത്തിൽ എൻ ആർ ഓയുടെ സഹായത്തോടെ വിദഗ്ദ്ധ പരിശീലനം നൽകും. ഈ പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്ന ബി സിമാർക്ക് ഓരോ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് 1000 രൂപ നിരക്കിൽ വേതനം കൈപ്പറ്റാവുന്നതാണ്.
- നിലവിലുള്ള ബി സിമാർക്ക് വൈദഗ്ധ്യ പരിശീലനത്തിലൂടെ അധിക വരുമാനവും ഒപ്പം കർഷക സംഘങ്ങൾക്ക് മികച്ച സേവനവും.

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ – 1**

**മെയ് – ജൂലൈ**

- ഏപ്രിൽ 30 നു മുൻപ് ഓരോ ജില്ലയും മൂന്നു ബ്ലോക്ക് കോർഡിനേറ്റർമാരെ വീതം നിർദ്ദേശം ചെയ്യേണ്ടതാണ്. എഴുത്തിൽ അഭിരുചിയും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും, കൂടുതൽ പ്രവർത്തന പരിചയവും ഉള്ള ബി സി മാർക്ക് പരിഗണന നൽകേണ്ടതാണ്.

ഒന്നിൽ കൂടുതൽ അപേക്ഷകർ ഉണ്ടെങ്കിൽ എഴുത്തു പരീക്ഷയോ അഭിമുഖമോ നടത്തി മെയ് 15 നു മുൻപ് അന്തിമ പട്ടിക തയ്യാറാക്കേണ്ടതാണ്

- തെരഞ്ഞെടുക്കപ്പെട്ടവർക്കു NRO യുടെ സഹായത്തോടെ ആഴത്തിലുള്ള പരിശീലനം നൽകും. ഒന്നോ അതിലധികമോ ഘട്ടങ്ങളിലായിട്ടായിരിക്കും പരിശീലനം നൽകുക . പ്രാപ്തരായവരുടെ സേവനം കുടുംബശ്രീക്കകത്തു മാത്രമല്ല പുറത്തേക്കും വ്യാപിപ്പിക്കും .

**ക്വാർട്ടർ – 2**
**ഓഗസ്റ്റ്–ഒക്ടോബർ**

- APC മാർ പ്രൊപ്പോസലുകൾ തയ്യാറാക്കി ഈ ഘട്ടത്തിൽ നൽകി തുടങ്ങും . അർഹമായ വേതനം ഉറപ്പു വരുത്തേണ്ടതാണ് .
- കാർഷിക മേഖലയിൽ മറ്റു സമാന വകുപ്പുകളിൽ ഒന്നും തന്നെ ഇത്തരം ഒരു സാങ്കേതിക വിഭാഗം നിലവിലില്ലതിനാൽ ഇത് ഒരു പ്രഥമ സംരംഭവും നൂതനവുമാണ് . അത് കൊണ്ട് തന്നെ ഉയർന്ന നിലവാരം പുലർത്താൻ കഴിയുന്ന തരത്തിൽ ഇവരെ പിന്തുണക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്ന ചുമതല ജില്ലാ മിഷനുകളിൽ നിക്ഷിപ്തമാണ്

**ക്വാർട്ടർ – 3**
**നവംബർ–ജനുവരി**

- തുടർ പ്രവർത്തനങ്ങളും വിലയിരുത്തലും

**മോണിറ്ററിങ് പാരാമീറ്റർ**

- ഓരോ അഗ്രി പി സിയും രൂപീകരിക്കുന്ന പ്രോജക്ടുകളുടെ എണ്ണം
- അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം.
- സേവനം ലഭ്യമായ വനിതാ കർഷകരുടെയും സംരംഭകരുടെയും എണ്ണം.

ചുമതലയുള്ള വ്യക്തി: **ശ്രീപ്രിയ. ആർ**
എസ്.എ.പി.എം (എം.കെ.എസ്.പി)

## AG 16 സ്മാർട്ട് അഗ്രി വില്ലേജുകൾ

### ലക്ഷ്യം
സ്വയം പര്യാപ്തവും സുസ്ഥിരവുമായ സംയോജിത കൃഷിയിലൂന്നിയുള്ള മാതൃകാ കാർഷിക ഗ്രാമങ്ങൾ ഓരോ ജില്ലയിലും ഒന്ന് എന്ന തോതിൽ 14 എണ്ണം സ്ഥാപിക്കുക.

### പശ്ചാത്തലം
കൃഷി എന്നത് ഒരു സംസ്ക്കാരം ആണെന്നുള്ള തിരിച്ചറിവ് പുതുതല മുറയ്ക്കു പരിചയപ്പെടുത്തേണ്ടതുണ്ട്. സംയോജിത കൃഷിരീതി പൊതു സമൂഹത്തിനു കണ്ടു മനസ്സിലാക്കാനും മേന്മ നേരിട്ടറിയാനും കർഷകർക്ക് ആത്മവിശ്വാസം പകരാനുമായി ജില്ലയിൽ ഓരോ മാതൃക സ്മാർട്ട് അഗ്രി വില്ലേജ് സ്ഥാപിക്കാവുന്നതാണ്. കാർഷിക സംസ്കാരത്തിന്റെ പഴമയും പെരുമയും പ്രതിഫലിപ്പിക്കുന്ന മാതൃകാ ഗ്രാമങ്ങളിലൂടെ കാർഷിക വൃത്തിയിലേക്ക് കൂടുതൽ പേരെ ആകർഷിക്കാനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.

### പ്രവർത്തന തന്ത്രം
- ജില്ലയിൽ ഓരോ മാതൃക കാർഷിക ഗ്രാമം
- ജൈവകൃഷി, മത്സ്യ കൃഷി, മൂല്യ വർധിത യൂണിറ്റുകൾ, അഗ്രി ക്ലിനിക്കുകൾ, ബയോ ഗ്യാസ് യൂണിറ്റുകൾ, ഫാം ടൂറിസം തുടങ്ങി ഇരുപതോളം അവശ്യ ഘടകങ്ങൾ ഓരോ എസ്. എ. വി. യിലും ഉണ്ടാകും.
- മറ്റു വകുപ്പുകളുമായുള്ള സംയോജനം പദ്ധതിയുടെ ഗുണമേന്മയും വ്യാപ്തിയും കൂട്ടാൻ സഹായിക്കും.
- ഓരോ മാതൃക ഗ്രാമത്തിനും ഓരോ കോ ഓർഡിനേറ്റർമാരെ നിയമിച്ചു പ്രവർത്തനം കാര്യക്ഷമമാക്കും.

### ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ
**ക്വാർട്ടർ – 1**
**മെയ് – ജൂലൈ**
- പദ്ധതി പ്രവർത്തനാരംഭം
- SAV കോർഡിനേറ്റർമാരുടെ തെരഞ്ഞെടുപ്പും പരിശീലനവും
- ഗ്രാമം തെരഞ്ഞെടുക്കൽ
- ജില്ലാ തലത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ യോഗം നടത്തി പദ്ധതി വിശദീകരണവും സംയോജനവും ഉറപ്പു വരുത്തേണ്ട ചുമതല ജില്ലാ മിഷൻ ടീമുകൾക്കാണ് .

- ജീവയെ ഉപയോഗിച്ച് സ്ഥിതി ആസ്തി വിവര കണക്കു ശേഖരണം നടത്തണം. ഒരു ദിവസത്തേക്ക് നൂറു രൂപ വീതം ഹോണറേറിയം നൽകാം
- തൽപരരായ കൃഷിക്കാരെ കണ്ടെത്തുക, ഏകോപിപ്പിക്കുക, സാങ്കതിക സാമ്പത്തിക സഹായങ്ങൾ നൽകുക, വിവിധ വകുപ്പുകളുടെ സേവനം ലഭ്യമാക്കുക, പരിശീലനം നൽകുക
- ഫാം പ്ലാൻ പ്രാദേശിക പ്രത്യേകതകൾ തയ്യാറാക്കുക.

**ക്വാർട്ടർ – 2**
**ഓഗസ്റ്റ്–ഒക്ടോബർ**

- സംയോജിത കൃഷിക്കാവശ്യമായ എല്ലാ ഘടകങ്ങളുടെയും സ്ഥാപിക്കലും പ്രവർത്തനവും ഈ ഘട്ടത്തിൽ ഉറപ്പു വരുത്താൻ കഴിയണം
- ജില്ലാ മിഷൻ ടീമുകൾ SAV കോഒാർഡിനേറ്റർ മാരുടെ പ്രവർത്തനാവലോകനം മാസത്തിലൊരിക്കൽ നടത്തേണ്ടതും കൃത്യമായ ഇടവേളകളിൽ മാതൃകാ ഗ്രാമങ്ങൾ രൂപപ്പെടുന്നുണ്ട് എന്നത് നിരീക്ഷിക്കേണ്ടതുമാണ്.

**ക്വാർട്ടർ – 3**
**നവംബർ–ജനുവരി**

- അവസാന പാദത്തിൽ ഉയർത്തിക്കാണിക്കാവുന്ന സംയോജിത കൃഷിയുടെ ഉത്തമ മാതൃകകളായി 14 കാർഷിക ഗ്രാമങ്ങൾ സ്മാർട്ട് അഗ്രി വില്ലജ് എന്ന പേരിൽ ജില്ലയിൽ ഒന്ന് വീതം കുടുംബശ്രീയുടെ കീഴിൽ പ്രവർത്തനനിരതമായിരിക്കും
- നിലവിലുണ്ടായിരുന്ന യൂണിറ്റുകൾക്ക് 25% അധിക ലാഭവും പുതുതായി സ്ഥാപിച്ചവർക്കു കുറഞ്ഞത് 5000 രൂപയുടെ വരുമാനവും ഉണ്ടായിരിക്കണം
- പൂർണ്ണ സജ്ജമായ ഗ്രാമങ്ങൾക്കു വേണ്ടി അധിക വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കും
- തുടർ പ്രവർത്തനങ്ങളും വിലയിരുത്തലും ഡോക്യൂമെന്റ്ഷനും

**മോണിറ്ററിങ് പാരാമീറ്റർ**

- ഈ പദ്ധതിയിലൂടെ കർഷകർക്ക് ഉണ്ടായ സാമൂഹിക സാമ്പത്തിക ഉന്നമനവും പാരിസ്ഥിതിക പുരോഗതിയും (വിവിധ സ്റ്റാറ്റിസ്റ്റിക് ടൂളുകൾ ഉപയോഗിച്ച് കണ്ടെത്താം)

**ചുമതലയുള്ള വ്യക്തി : ഐശ്വര്യ വി. എ.**
എസ്.എ.പി.എം, (എം.കെ.എസ്.പി)

# AG 17 മത്സ്യകൃഷി

## ലക്ഷ്യം

- മത്സ്യ വകുപ്പിന്റെ സംയോജിതമത്സ്യകൃഷി പദ്ധതിയുമായി ചേർന്ന് മത്സ്യകൃഷി വ്യാപിപ്പിക്കുക
- കുടുംബശ്രീ വനിതകൾക്ക് അധിക വരുമാനം ലഭ്യമാക്കുക.
- വിഷരഹിത മത്സ്യം നാട്ടുചന്തകളിലൂടെ പൊതുജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക.

## പശ്ചാത്തലം

മത്സ്യ കൃഷിയിൽ തൽപ്പരരായ കർഷകരുടെ നിരന്തരമായ ആവശ്യം മുൻനിർത്തി ഫിഷറീസ് ഡിപ്പാർട്ട്മെന്റുമായി സംയോജിച്ചുള്ള ഒരു പദ്ധതിയാണിത്. ഉപയോഗ ശൂന്യമായ പൊതു കുളങ്ങൾ/ കൃത്രിമ കുളങ്ങൾ/ സ്വകാര്യ കുളങ്ങൾ എന്നിവ വനിതാ ഗ്രൂപ്പുകൾക്ക് മത്സ്യകൃഷി ചെയ്യാൻ യോഗ്യമാക്കുന്നതാണ് ഫിഷറീസ് വകുപ്പിന്റെ സംയോജിത മത്സ്യ കൃഷി പദ്ധതി. എല്ലാ ജില്ലകളിൽ നിന്നുമായി ഇതുവരെ 1809 എണ്ണം അപേക്ഷകൾ മത്സ്യ വകുപ്പിന് സമർപ്പിച്ചു കഴിഞ്ഞു.

## പ്രവർത്തന തന്ത്രം

- ബ്ലോക്ക് തലത്തിൽ മൊബിലൈസേഷൻ സംഘടിപ്പിച്ചു താത്പര്യമുള്ള വനിതകളെ/കൃഷിസംഘങ്ങളെ കണ്ടെത്തുക.
- തദ്ദേശ്ശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പൊതുകുളങ്ങൾ വനിതാ ഗ്രൂപ്പുകൾക്ക് ലഭ്യമാക്കുക.
- ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ വിവിധ തരത്തിലുള്ള മത്സ്യ കൃഷി പദ്ധതികൾ അവർക്കായി പരിചയപ്പെടുത്തുക
- കുളങ്ങളുടേയും, താൽപ്പര്യമുള്ള ഗുണഭോക്താക്കളുടേയും ലഭ്യമായ ലിസ്റ്റ് ജില്ലാ ഫിഷറീസ് വകുപ്പിൽ സമർപ്പിച്ചു അംഗീകാരം ലഭ്യമാക്കുക.
- കണ്ടെത്തിയ കുളങ്ങൾ മത്സ്യ വകുപ്പിന്റെ സഹായത്താൽ ഏപ്രിൽ മാസത്തോടുകൂടെ വൃത്തിയാക്കി ജൂൺ-ജൂലൈ മാസത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ തയ്യാറാക്കുക.
- മത്സ്യം നാട്ടുചന്തകളിൽ വിൽക്കുന്നതിനായി കോൾഡ് സ്റ്റോറേജ് സംവിധാനം ഉപയോഗപ്പെടുത്തും.

## ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ

**ക്വാർട്ടർ – 1**
**മെയ്–ജൂലൈ**

- പരിശീലനം പൂർത്തിയാക്കുക
- കുളം വൃത്തിയാക്കി മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു പ്രവർത്തനം ആരംഭിക്കുക

**ക്വാർട്ടർ – 2**
**ഓഗസ്റ്റ്–ഒക്ടോബർ**

- തുടർ പ്രവർത്തനങ്ങളും പദ്ധതി പുരോഗതി അവലോകനവും

**ക്വാർട്ടർ – 3**
**നവംബർ–ജനുവരി**

- വിളവെടുപ്പ്
- കുടുംബശ്രീ നാട്ടു ചന്തകൾ വഴി മത്സ്യം വിപണനം
- പദ്ധതി പുരോഗതി അവലോകനം

**മോണിറ്ററിംഗ് പാരാമീറ്റർ:**

- നാട്ടുചന്തയിലെ മത്സ്യ വിൽപ്പനയുടെ കണക്ക്.
- ജെ എൽ ജി യുടെ വാർഷിക വരുമാനത്തിലെ വർദ്ധനവ്.
- പദ്ധതിയുടെ ഭാഗമായി മത്സ്യകൃഷി ചെയ്യുന്ന വ്യക്തി/ ഗ്രൂപ്പുകളുടെ വിളവെടുപ്പ്, വിറ്റുവരവ്, ലാഭനഷ്ട കണക്ക്.

**ചുമതലയുള്ള വ്യക്തി : ഐശ്വര്യ വി. എ.**
എസ്.എ.പി.എം, (എം.കെ.എസ്.പി)

## AG 18 അഗ്രി ബിസിനസ്സ് സംരംഭങ്ങൾ

**ലക്ഷ്യം**

- കൂടുതൽ വരുമാനദായകമായ കാർഷിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.
- സംസ്ഥാനത്തൊട്ടാകെ കുറഞ്ഞത് 140 യൂണിറ്റ് (ഒരു ജില്ലയിൽ 10 യൂണിറ്റുകൾ) രൂപീകരിക്കുക

**പശ്ചാത്തലം**

സാമ്പ്രദായിക കൃഷി രീതികളിൽ നിന്നും വ്യതിചലിച്ചു സംഘകൃഷി ഗ്രൂപ്പുകൾ പുതിയ കാർഷിക സംരംഭങ്ങളിൽ ഏർപ്പെടാൻ തുടങ്ങിയിരിക്കുന്നു. മൂല്യ വർധിത യൂണിറ്റുകൾ, ജൈവക്കൃഷി, കർഷക കൂട്ടായ്മകൾ, കൂടാതെ പ്ലാന്റ് നഴ്സറി പോലുള്ള വരുമാന ദായകമായ സംരംഭങ്ങൾ പല സംഘങ്ങളും ആരംഭിച്ചു കഴിഞ്ഞു. ഈ പദ്ധതികൾക്ക് ലഭിച്ച സ്വീകാര്യതയും പുരോഗതിയും കണക്കിലെടുത്താണ് കൂടുതൽ വരുമാനദായകമായ കാർഷിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു തീരുമാനിച്ചത്

**പ്രവർത്തന തന്ത്രം**

- കൃഷി സംഘങ്ങളിൽ നിന്നും ഇത്തരം സംരംഭം തുടങ്ങാൻ താൽപ്പര്യമുള്ളവരെ കണ്ടെത്തി പരിശീലനവും, സാങ്കേതിക സാമ്പത്തിക സഹായവും നൽകുക.
- തുടങ്ങാനുദ്ദേശിക്കുന്ന സംരംഭത്തിന് ആകെ ചിലവിന്റെ 40 ശതമാനം (പരമാവധി അൻപതിനായിരം രൂപ) സബ്സിഡിയായി രണ്ടു ഗഡുക്കളായി നൽകും. ആദ്യ ഗഡു സംരംഭം തുടങ്ങി ഒരു മാസത്തിനകവും രണ്ടാം ഗഡു നാല് മാസത്തിനു ശേഷവും നൽകുന്നതായിരിക്കും.
- സബ്സിഡി ലഭ്യമാകാൻ സംരംഭത്തിന് ബാങ്ക് വായ്പ നിർബന്ധമല്ല.

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ – 1**

**മെയ്–ജൂലൈ**

- സാധ്യതാ അവലോകനം,ഗുണഭോക്തൃ സംഘങ്ങളെ കണ്ടെത്തൽ
- ഉൽപ്പന്നങ്ങളെ ആധാരമാക്കി ജില്ലാടിസ്ഥാനത്തിൽ കർഷകർക്ക് തരം തിരിച്ചുള്ള പരിശീലനവും എക്സ്പോഷർ വിസിറ്റും സജ്ജീകരിക്കുക . വിവിധ വകുപ്പുകളിൽ നിന്നും മറ്റു ഇതര സ്ഥാപനങ്ങളിൽ നിന്നുമുള്ള ഉന്നത പരിശീലനം നൽകണം. ഇതിൽ വി

പണന തന്ത്രങ്ങൾക്ക് മുൻഗണന നൽകണം . യന്ത്രവൽക്കരണം, ലൈസൻസിങ്, പാക്കിങ്, ബ്രാൻഡിംഗ്, പുതുരീതികൾ എന്നിവയ്ക്ക് ഊന്നൽ നൽകാം.

- രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കും, ഒരു ജില്ലയിൽ പത്തു എന്ന് പരിധിയില്ല.

**ക്വാർട്ടർ – 2**
**ഓഗസ്റ്റ്–ഒക്ടോബർ**

- എക്സ്പോഷർ വിസിറ്റ്
- ആദ്യ ഘട്ട സബ്സിഡി വിതരണവും മോണിറ്ററിങ്ങും

**ക്വാർട്ടർ – 3**
**നവംബർ–ജനുവരി**

- രണ്ടാംഘട്ട സബ്സിഡി വിതരണം
- പ്രവർത്തന വിലയിരുത്തൽ, തുടർ പ്രവർത്തനങ്ങൾ

**മോണിറ്ററിംഗ് പാരാമീറ്റർ**

- അവസാന പാദത്തിൽ രണ്ടാം ഘട്ട സബ്സിഡി വിതരണവും രൂപീകരിച്ച യൂണിറ്റുകൾക്ക് കുറഞ്ഞത് 5000 രൂപയുടെ വരുമാനവും ഉറപ്പുവരുത്തണം
- യൂണിറ്റുകളുടെ ശാക്തീകരണവും തുടർ അവലോകനങ്ങളും

**ചുമതലയുള്ള വ്യക്തി : ആര്യ. എസ്. ബി.**
എസ്.എ.പി.എം (എം.കെ.എസ്.പി)

# AG 19 ജെ.എൽ.ജി ക്യാമ്പയിനുകൾ സംഘടിപ്പിക്കുക

**ലക്ഷ്യം**

- വനിതകളേയും പുതുതലമുറയേയും കാർഷിക മേഖലയിലേക്ക് ആകർഷിച്ചു കൊണ്ട് പുതിയ ജെ എൽ ജികൾ രൂപീകരിക്കുക, കൃഷിസ്ഥല വിസ്തൃതി വർദ്ധിപ്പിക്കുക
- നിർജ്ജീവമായ ജെ എൽ ജികളെ പ്രവർത്തന സജ്ജമാക്കുക
- അയ്യായിരം പുതിയ ജെ എൽ ജി കൾ രൂപീകരിക്കുന്നതിലൂടെ പതിനായിരം ഏക്കർ തരിശു ഭൂമി കൃഷിയോഗ്യമാക്കുന്നു

**പശ്ചാത്തലം**

കൃഷിയോട് പുതു തലമുറയ്ക്ക് താൽപ്പര്യം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ കാർഷികാവസരങ്ങൾ പൊതു സമൂഹത്തിനു പരിചയപ്പെടുത്തേണ്ട ആവശ്യകതയുണ്ട്. കൃഷി ഒരു ജോലി അല്ല, മറിച്ച് നമ്മുടെ സംസ്കാരം ആണെന്നുള്ള തിരിച്ചറിവ് പകരേണ്ടതുണ്ട്. വിവിധ വകുപ്പുകളുടെ സംയോജനത്തോടെ കാർഷിക മേഖലയുടെ വിസ്തൃതിയും കർഷകരുടെ എണ്ണവും കൂട്ടുക. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കൃഷി സംഘങ്ങളുടെ പുനരുജ്ജീവനം എന്നിവ ലക്ഷ്യമിട്ടുള്ളതാണ് ഈ ക്യാമ്പയിൻ. ആകെ അയൽക്കൂട്ട അംഗങ്ങളുടെ 10 ശതമാനം മാത്രമേ കൃഷി സംഘങ്ങളിൽ അംഗമായിട്ടുള്ളൂ. ക്യാമ്പയിൻ വഴി കൂടുതൽ അയൽക്കൂട്ട അംഗങ്ങളെ കൃഷിസംഘങ്ങളിൽ ചേർക്കുന്നതും ഇതിലൂടെ സാധ്യമാണ്.

**പ്രവർത്തന തന്ത്രം**

- ജില്ലകളുടെ താല്പര്യം മുൻനിർത്തി ക്യാമ്പയിൻ മൊഡ്യൂൾ രൂപീകരിക്കും
- ട്രെയിനിങ്ങുകൾ, സെമിനാറുകൾ, എക്സ്പോഷർ വിസിറ്റ്, കാർഷിക ഉത്സവങ്ങൾ, മണ്ണ് പരിശോധന, ബാങ്ക് ലിങ്കേജ് മേള, നൂതന കാർഷിക സാങ്കേതിക വിദ്യകൾ കർഷകർക്ക് പരിചയപ്പെടുത്തൽ, കൃഷിയും അനുബന്ധ മേഖലയിലും നിന്ന് ജീവിത വിജയം കൈവരിച്ചവരുടെ ചർച്ചകൾ എന്നിവയൊക്കെ പരിപാടിയിൽ ഉൾപ്പെടുത്താവുന്നതാണ്

**നിർബന്ധമായും ചെയ്യേണ്ടത്**

- ഒരു സി.ഡി.എസ്സിൽ ഏറ്റവും കുറഞ്ഞത് 5 പുതിയ ജെ.എൽ.ജി കൾ രൂപീകരിക്കുക.
- ഒരു സി.ഡി.എസ്സിൽ കുറഞ്ഞത് 10 ഏക്കർ തരിശ്ശുഭൂമി കൃഷി യോഗ്യമാക്കുക.

- നിർജ്ജീവമായ ജെ.എൽ.ജികളിൽ 50% എങ്കിലും പുനരുജ്ജീവിപ്പിക്കുക.

**അഭികാമ്യ ഘടകങ്ങൾ**

- നിലവിലുള്ള ജെ.എൽ.ജി കളിൽ 40% എങ്കിലും ജൈവകൃഷി ചെയ്യുക.
- ഒരു മൂല്യവർദ്ധിത യൂണിറ്റ്, അഗ്രി ബിസിനസ്സ് സംരംഭം, പ്ലാന്റ് നഴ്സറി എന്നിവ ആരംഭിക്കുക.
- നൂതന സാങ്കേതിക വിദ്യ അവലംബിക്കുക.
- ഓരോ ജില്ലയിൽ കുറഞ്ഞത് 25 എസ് സി ജെ എൽ ജി രൂപീകരിക്കുക

## ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ

### ക്വാർട്ടർ – 1

### മെയ്–ജൂലൈ

- സമൃദ്ധി എന്ന കാർഷിക ക്യാമ്പയിൻ ന്റെ രൂപരേഖ ജില്ലാടിസ്ഥാനത്തിൽ മെയ് 10 നു മുൻപായി തയ്യാറാക്കി സ്റ്റേറ്റ് മിഷനിൽ സമർപ്പിക്കണം .
- ജില്ലാ കളക്ടറെ അധ്യക്ഷനാക്കി ഒരു ജില്ലാ സമിതി രൂപീകരിച്ചു പ്രവർത്തന മാർഗ്ഗ രേഖ ഉണ്ടാക്കേണ്ടതാണ് . പ്രസ്തുത സമിതിയിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കർഷകർ, വികസന പ്രവർത്തകർ എന്ന് തുടങ്ങിയ സമൂഹത്തിന്റെ എല്ലാ തുറയിൽ നിന്നുമുള്ള വിഭാഗങ്ങളെ ഉൾപ്പെടുത്തി ഒരു വർഷം നീളുന്ന പരിപാടികൾ വിഭാവനം ചെയ്യണം
- ക്യാമ്പയിനിന്റെ ജില്ലാ തല ഉദ്ഘാടനം തുടർന്ന് വാർഡ് തലത്തിൽ അയൽക്കൂട്ടങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണം . CDS കാർഷിക മേഖല ഉപ സമിതി കൺവീനർമാർക് പഞ്ചായത്തുകളിലെ ഏകോപന ചുമതല ഉണ്ടായിരിക്കണം.

### ക്വാർട്ടർ – 2

### ഓഗസ്റ്റ്–ഒക്ടോബർ

- പ്രവർത്തന തന്ത്രത്തിൽ സൂചിപ്പിച്ചിട്ടുള്ള അത്യാവശ്യ , അഭികാമ്യ ഘടകങ്ങളുടെ പൂർത്തീകരണം .
- ഒന്നാം ഘട്ട പുരോഗതി വിശകലനം , നിശ്ചിത ഇടവേളകളിൽ മോണിറ്ററിങ് സമിതിയുടെ അവലോകനം , തുടർ പ്രവർത്തനങ്ങൾ

### ക്വാർട്ടർ – 3

### നവംബർ–ജനുവരി

- പ്രാഥമിക ലക്ഷ്യമായ 5000 JLG കളുടെ ഫോർമേഷൻ , 10,000 ഏക്കർ പുതുതായി കൃഷി ഭൂമി എന്നിവ കൈവരിച്ചിരിക്കണം . അഭികാമ്യ ഘടകങ്ങളുടെ ലക്ഷ്യവും വിശകലനം ചെയ്യപ്പെടും. ഇതിന്റെ

അടിസ്ഥാനത്തിൽ ഏറ്റം മികച്ച പ്രകടനം കാഴ്ച വെച്ച ജില്ലക്ക് അവാർഡ് നൽകും

- സംസ്ഥാന തല കാർഷിക മേള , സമ്മാന ദാനം, ക്യാമ്പയിൻ സമാപനം, ഡോക്യൂമെന്റേഷൻ
- വിശകലനം, തുടർ പ്രവർത്തനങ്ങൾ

## മോണിറ്ററിംഗ് പാരാമീറ്റർ

- ക്യാമ്പയിന് മുൻപും അതിനു ശേഷവും രൂപീകൃതമായ ജെഎൽജികളുടെ എണ്ണം
- പ്രവർത്തനരഹിതമായ എത്ര ജെഎൽജികൾ പ്രവർത്തന സജ്ജമായി
- കൃഷിയുടെ വിസ്തൃതിയിൽ ഉണ്ടായ മാറ്റം
- ഉത്പാദനത്തിൽ ഉണ്ടായ വളർച്ച.
- ബാങ്ക് ലിങ്കേജിന്റെ വർദ്ധനവ്.
- ജില്ലകളിൽ ഉണ്ടായ നൂതന പദ്ധതികളുടെ/സംരംഭങ്ങളുടെ എണ്ണം.

ചുമതലയുള്ള വ്യക്തി: **ശ്രീപ്രിയ. ആർ**
എസ്.എ.പി.എം (എം.കെ.എസ്.പി)

AG 20

# നാട്ടുചന്തകളുടെ യും മറ്റു കാർഷിക വിപണന കേന്ദ്രങ്ങളുടെയും ശാക്തീകരണം

**ലക്ഷ്യം**

- നിലവിലെ നാട്ടുചന്തകളുടെ അടിസ്ഥാന സൗകര്യ വികസനം വഴി കാർഷികോൽപ്പന്നങ്ങളുടെ ഷെൽഫ് ലൈഫ് കൂട്ടുക, നഷ്ടം കുറയ്ക്കുകയും ന്യായവില ഉറപ്പാക്കുകയും ചെയ്യുക
- ജൈവ പച്ചക്കറികളും വിഷരഹിത മത്സ്യവും ഒരേ കുടക്കീഴിൽ ലഭ്യമാക്കുക.
- ആദ്യ ഘട്ടത്തിൽ ബ്ലോക്കിൽ ഒന്ന് എന്ന നിരക്കിൽ സംസ്ഥാനത്താകെ 152 നാട്ടുചന്തകളിൽ കോൾഡ് സ്റ്റോറേജുകൾ സ്ഥാപിക്കുക.

**പശ്ചാത്തലം**

കർഷകർ കൊണ്ടുവരുന്ന മുഴുവൻ പച്ചക്കറിയും ഒരു ദിവസം തന്നെ വിറ്റഴിക്കണം എന്നില്ല. ഈ അവസരത്തിൽ കർഷകർക്ക് നഷ്ടമുണ്ടാകുന്ന സ്ഥിതി ഉണ്ട്. കൂടാതെ ചന്ത നടക്കുന്ന ദിവസങ്ങളിൽ ചിലപ്പോൾ പച്ചക്കറി എത്തിക്കാൻ പറ്റാത്തവർക്ക് നേരത്തെ തന്നെ വിള ചന്തയിൽ എത്തിച്ചാൽ സൂക്ഷിച്ചു വയ്ക്കാനുള്ള സാഹചര്യം നിലവിലില്ല. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് ആദ്യ ഘട്ടത്തിൽ 152 നാട്ടുചന്തകളിൽ കോൾഡ് സ്റ്റോറേജുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

**പ്രവർത്തന തന്ത്രം**

- ആദ്യ ഘട്ടത്തിൽ 152 നാട്ടുചന്തകളിൽ കോൾഡ് സ്റ്റോറേജുകൾ സ്ഥാപിക്കും.
- ഓരോ നാട്ടുചന്തയ്ക്കും കോൾഡ് സ്റ്റോറേജ് വാങ്ങാനായി 50,000 രൂപ വീതം അനുവദിക്കും
- കോൾഡ് സ്റ്റോറേജുകൾക്കൊപ്പം റിവോൾവിങ് ഫണ്ടായി 20000 രൂപ വീതം നാട്ടുചന്ത നടത്തുന്ന സിഡിഎസ്സുകൾക്ക് അനുവദിക്കും.
- ഈ പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി മാനേജിങ് കമ്മറ്റി വിപുലപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യും.
- കൂടുതൽ ജെ എൽ ജി ഉത്പന്ന വിപണന സാധ്യതയുള്ള ചന്തകളിൽ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കും
- പൂർണമായും കുടുംബശ്രീയുടെ കീഴിൽ സ്ഥാപിച്ചിട്ടുള്ള വിപണന കേന്ദ്രങ്ങളിൽ (കൃഷി വകുപ്പുമായി സംയോജിച്ചു ചെയ്യുന്ന പദ്ധതി ഒഴികെ ) കോൾഡ് സ്റ്റോറേജ് സ്ഥാപിക്കും

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ – 1**

**മെയ് – ജൂലൈ**

- കോൾഡ് സ്റ്റോറേജ് സ്ഥാപിക്കാൻ അനുയോജ്യമായ വിപണന കേന്ദ്രങ്ങളെ കണ്ടെത്തൽ. കൂടുതൽ വിപണനം , വൈദ്യുതിയുടെ

യും സ്ഥല സൗകര്യത്തിന്റെയും ലഭ്യത , ഭാവി സാധ്യതകൾ തുടങ്ങിയവ പരിഗണിച്ചു ബ്ലോക്ക് കോർഡിനേറ്റർമാർക്കു ചന്തകളെ നിർദ്ദേശിക്കാവുന്നതാണ്

- കോൾഡ് സ്റ്റോറേജിന്റെ മേൽനോട്ടത്തിന് ഒരു മാനേജിങ് കമ്മിറ്റയെ നിയോഗിക്കേണ്ടതാണ്. ഉപകരണത്തിന്റെ ഉത്തരവാദിത്വം ഈ കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.
- ആദ്യ ഘട്ടമായി 152 നാട്ടുചന്തകളിൽ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കും
- എല്ലാ നാട്ടുചന്തകൾക്കും 20000 /രൂപ വീതം റിവോൾവിങ് ഫണ്ട് വിതരണം ചെയ്യും.

**ക്വാർട്ടർ – 2**
**ഓഗസ്റ്റ്–ഒക്ടോബർ**

- ഉപകരണം സ്ഥാപിച്ച നാട്ടുചന്തകൾ ബന്ധപ്പെട്ട ജീവ അംഗങ്ങളെ ഉപയോഗിച്ച് കൂടുതൽ കർഷകരെ ഈ ചന്തകളിൽ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് പ്രേരിപ്പിക്കുവാനും സമൃദ്ധി ക്യാമ്പയിനുമായി ഇടചേർന്നു ചന്തകളുടെ പ്രവർത്തനം പരിപോഷിപ്പിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതുമാണ് . ഇപ്പോഴുള്ള ആഴ്ച്ച ചന്തകൾ ദിവസ ചന്തകൾ ആക്കാൻ കഴിയുമോ എന്ന സാധ്യതാ പരിശോധന
- പദ്ധതി മോണിറ്ററിങ്

**ക്വാർട്ടർ – 3**
**നവംബർ–ജനുവരി**

- ഈ പാദത്തിലായിരിക്കും രണ്ടാം ഘട്ട കോൾഡ് സ്റ്റോറേജ് സ്ഥാപന സാധ്യത പരിശോധിക്കുക
- കൂടുതൽ സി ഡി എസ്സുകളിൽ നാട്ടുചന്ത ആവശ്യമെങ്കിൽ അപേക്ഷ അനുസരിച്ചു സ്ഥാപിക്കാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങളും റിവോൾവിങ് ഫണ്ടും നൽകും
- വിശകലനം , തുടർ പ്രവർത്തനങ്ങൾ

**മോണിറ്ററിംഗ് പാരാമീറ്റർ:**

- കോൾഡ് സ്റ്റോറേജ് സ്ഥാപിച്ചതിനാൽ വിൽപനയിൽ ഉണ്ടായ വർദ്ധനവ് (വരുമാനം)
- നാട്ടുചന്തകളിൽ പങ്കെടുക്കുന്ന ജെഎൽജികളുടെ എണ്ണത്തിലുള്ള വർദ്ധനവ്
- ചന്തകളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്
- ചന്തകളുടെ പ്രവർത്തന ദിവസത്തിൽ ഉണ്ടായ വർദ്ധനവ്.

ചുമതലയുള്ള വ്യക്തി: **ശ്രീപ്രിയ. ആർ**
എസ്.എ.പി.എം (എം.കെ.എസ്.പി)

# AG 21 ചെറുകിട മൂല്യ വർദ്ധിത യൂണിറ്റുകൾ

## ലക്ഷ്യങ്ങൾ

- ഉത്പന്ന വൈവിദ്ധ്യവത്കരണം, , ബ്രാൻഡിംഗ്, ലൈസൻസിങ്, പാക്കിങ് എന്നിവയ്ക്ക് ഊന്നൽ നൽകി സംസ്ഥാനത്തൊട്ടാകെ 300 ചെറുകിട മൂല്യ വർദ്ധിത യൂണിറ്റുകൾ (ഒരു ജില്ലയിൽ 22 യൂണിറ്റുകൾ) സ്ഥാപിക്കുക.
- കർഷകരിൽ നിന്നും സംരംഭകരിലേയ്ക്കുള്ള ഉയർച്ചയും, കൂടുതൽ തൊഴിൽ സാദ്ധ്യതയും, വരുമാന വർധനവും.
- യൂണിറ്റുകൾക്ക് 5000 രൂപയിൽ കുറയാത്ത മാസ വരുമാനം ഉറപ്പാക്കുക.

## പശ്ചാത്തലം

വനിതാ കർഷകരെ സംരംഭകർ ആക്കി മാറ്റി ചെറുകിട മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ വലിയ വിപണി സാധ്യതകൾ അവർക്കായി തുറന്നു കൊടുക്കാൻ ഈ പദ്ധതിയ്ക്ക് കഴിയും. അഞ്ചു ലക്ഷത്തിനുമേൽ മുതൽമുടക്ക് വേണ്ടി വരുന്നവർക്കായി 2018 19 വർഷത്തിൽ ഇടത്തരം മൂല്യ വർദ്ധിത പദ്ധതികൾ കൊണ്ടുവന്നിരുന്നു. തത്ഫലമായി ഇപ്പോൾ 167 ഇടത്തരം മൂല്യ വർദ്ധിത ഉത്പന്ന യൂണിറ്റുകൾ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിച്ചു വരുന്നു. പ്രളയനാന്തരം ചെറുകിട മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും കൂടുതൽ സാധ്യതയുണ്ട് എന്ന് മനസ്സിലാക്കിയാണ് 2019 20 വർഷത്തെ ആക്ഷൻ പ്ലാനിൽ ഇതിനായുള്ള പദ്ധതി രൂപവത്കരിച്ചിട്ടുള്ളത്.

## പ്രവർത്തന തന്ത്രം

- വ്യക്തിഗതമായോ ഗ്രൂപ്പുകളായോ യൂണിറ്റ് തുടങ്ങാവുന്നതാണ്.
- ഒരു യൂണിറ്റിന് ഒരു പ്രാവശ്യം മാത്രമേ സംരംഭം തുടങ്ങാനുള്ള ഫണ്ട് ലഭ്യമാക്കുകയുള്ളു.വ്യക്തിഗത സംരംഭങ്ങൾക്കു പദ്ധതി തുകയുടെ 20 ശതമാനം, പരമാവധി പതിനായിരം രൂപ അനുവദിക്കാവുന്നതാണ്. ഗ്രൂപ്പ് സംരംഭങ്ങൾക്ക് 40 ശതമാനം, പരമാവധി അമ്പതിനായിരം രൂപ നൽകാവുന്നതാണ്.
- തുകയുടെ 50 ശതമാനം സംരംഭത്തിന്റെ അപേക്ഷ സ്വീകരിച്ച ശേഷം അനുവദിക്കാം. ബാക്കി തുക സംരംഭം തുടങ്ങി നാല് മാസത്തിനു ശേഷം അനുവദിക്കാവുന്നതാണ്. ബാക്കി തുക ബാങ്ക് വായ്പ വഴിയോ മറ്റു ധന സ്രോതസ്സ് വഴിയോ കണ്ടെത്താവുന്നതാണ്.
- സബ്സിഡി ലഭ്യമാകാൻ സംരംഭത്തിന് ബാങ്ക് വായ്പ നിർബന്ധമല്ല.

- ഇത്തരം സംരംഭങ്ങൾക്കായി സാങ്കേതിക പരിശീലനവും എക്സ്പോഷർ വിസിറ്റും നൽകും.
- FSSAI ലൈസൻസിംഗ്, ഉൽപ്പന്നങ്ങളുടെ പാക്കിംഗ്, ബ്രാൻഡിംഗ്, വിപണി, പ്രചരണം, എന്നിവയിൽ ഊന്നൽ നൽകുക.

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ – 1**

**മെയ്–ജൂലൈ**

- നിലവിൽ മുന്നൂറോളം യൂണിറ്റുകളെ കണ്ടെത്തിയിട്ടുണ്ട് . സ്ഥാപിക്കാവുന്ന യൂണിറ്റുകൾക്ക് പരിധിയില്ല. അവയുടെ രജിസ്ട്രേഷനും പരിശീലനവും.

**ക്വാർട്ടർ – 2**

**ഓഗസ്റ്റ്–ഒക്ടോബർ**

- യന്ത്രവൽക്കരണം, FSSAI ലൈസൻസിങ് , പാക്കിങ്, ബ്രാൻഡിംഗ് , നൂതന രീതികൾ എന്നിവയ്ക്ക് ഊന്നൽ നൽകുക.
- പദ്ധതി മോണിറ്ററിങ്

**ക്വാർട്ടർ – 3**

**നവംബർ–ജനുവരി**

- വിപണന ശൃംഖലയുടെ ശക്തിപ്പെടുത്തലും പൊതു സഹായ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുള്ള സാധ്യത അവലോകനം.
- FSSAI ലൈസൻസിങ്ങോട് കൂടിയ കുടുംബശ്രീ ബ്രാൻഡഡ് ഉത്പന്നങ്ങൾ മികവാർന്ന പാക്കിങ്ങിൽ വിപണിയിൽ എത്തിക്കുക.
- വിശകലനം , തുടർ പ്രവർത്തനങ്ങൾ

**മോണിറ്ററിംഗ് പരാമീറ്റർ:**

- ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന നിശ്ചിത ഗുണനിലവാരത്തിലുള്ള ചെറുകിട മൂല്യവർദ്ധിത ഉത്പന്ന യൂണിറ്റുകളുടെ എണ്ണം.
- ഓരോ യൂണിറ്റുകളുടേയും വാർഷിക വരുമാനം, ലാഭ വിഹിതം

**ചുമതലയുള്ള വ്യക്തി:** **ആര്യ. എസ്. ബി.**
എസ്.എ.പി.എം (എം.കെ.എസ്.പി)

# AG 22 ബയോ ഫാർമസി

## ലക്ഷ്യം

- കുടുംബശ്രീയുടെ പ്രധാന പദ്ധതികളിൽ ഒന്നായ ജൈവകൃഷിയ്ക്ക് ഏറ്റവും അത്യാവശ്യമായ ഘടകമാണ് ജൈവവളങ്ങൾ. അതിന്റെ ലഭ്യത ഉറപ്പു വരുത്തുക എന്നതും സംരംഭകർക്ക് വരുമാനവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.
- ബ്ലോക്കിൽ ഒന്ന് എന്ന നിരക്കിൽ സംസ്ഥാനത്തൊട്ടാകെ 152 ബയോ ഫാർമസി യൂണിറ്റുകൾ സ്ഥാപിക്കുക
- യൂണിറ്റുകൾക്ക് 5000 രൂപയിൽ കുറയാത്ത മാസ വരുമാനം ഉറപ്പാക്കുക

## പശ്ചാത്തലം

ഏകദേശം 6856 ഏക്കറിൽ ജൈവ കൃഷി നിലവിൽ ചെയ്തു വരുന്നു. എന്നാൽ ഗുണ നിലവാരമുള്ളതും ന്യായവിലയുമുള്ള ജൈവവളം ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇത് കണക്കിലെടുത്തു വനിതാ കർഷകർക്ക് പരിശീലനവും സാമ്പത്തിക സഹായവും നൽകി ബയോ ഫാർമസി തുടങ്ങാൻ അവസരം നൽകിയാൽ ജൈവ കൃഷിക്ക് സഹായകമാകുകയും ഒപ്പം വ്യക്തി/ ഗ്രൂപ്പ് സംരംഭ സാധ്യതയ്ക്കു അവസരമൊരുക്കാനും കഴിയും.

## പ്രവർത്തന തന്ത്രം

- ഒരു ബ്ലോക്കിൽ ഒന്ന് എന്ന അടിസ്ഥാനത്തിൽ ആദ്യ ഘട്ടത്തിൽ 152 യൂണിറ്റുകൾ തുടങ്ങും.
- അടിസ്ഥാന വികസനത്തിനായി ആദ്യ ഘട്ടം 60,000/- രൂപ റിവോൾവിങ് ഫണ്ട് ആയി നൽകും.
- സാങ്കേതിക പരിശീലനം താല്പര്യമുള്ള വ്യക്തി / ഗ്രൂപ്പുകൾക്ക് നൽകും.
- ഇവയെ ഓർഗാനിക് ക്ലസ്റ്ററുകളുമായും, പ്ലാന്റ് നഴ്സറികളുമായും മറ്റു ജെ എൽ ജി പ്രവർത്തനങ്ങളുമായും സംയോജിപ്പിച്ചു വിപണനം ഉറപ്പുവരുത്തും.

## ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ

### ക്വാർട്ടർ – 1
### മെയ്–ജൂലൈ

- തൽപര യൂണിറ്റുകളെ കണ്ടെത്തുക (പഴയ യൂണിറ്റുകളേയും പുതിയ യൂണിറ്റുകളേയും ഈ പദ്ധതിക്ക് കീഴിൽ കൊണ്ട് വരാനാകും) സ്ഥാപിക്കാവുന്ന യൂണിറ്റുകൾക്ക് പരിധിയില്ല. അവയുടെ രജിസ്ട്രേഷനും പരിശീലനവും.
- ഏറ്റവും കൂടുതൽ ജൈവ കൃഷി സംഘങ്ങളും ഭൂമിയും ഉള്ള ഇടങ്ങളായിരിക്കണം ബയോ ഫാർമസികൾക്കായി തിരഞ്ഞെടുക്കേണ്ടതാണ് .നഴ്സറികൾ, മറ്റു അവസരങ്ങൾ എന്നിവയും പരിഗണിക്കണം

### ക്വാർട്ടർ – 2
### ഓഗസ്റ്റ്–ഒക്ടോബർ

- രണ്ടാം പാദത്തിൽ രജിസ്ട്രേഷൻ പൂർത്തീകരിക്കുക .
- ആവശ്യമെങ്കിൽ ലൈസൻസിങ് നടപടികൾ കാർഷിക സർവ്വ കലാശാല , കൃഷി വകുപ്പ് എന്നിവയുമായി ചേർന്ന് പ്രാവർത്തികമാക്കണം
- CLC മാരുടെ സഹായത്തോടെ ജൈവ കൃഷിക്കാവശ്യമായ ഉത്പന്നങ്ങളുടെ കണക്കെടുപ്പും ഉത്പാദനവും വിതരണവും ഈ ഘട്ടത്തിൽ ആസൂത്രണം ചെയ്യണം.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രാദേശികമായി എല്ലാ ആവശ്യങ്ങൾക്കും ഈ ബയോ ഫാർമസികളിൽ നിന്നും ഉത്പന്നങ്ങൾ കൈപ്പറ്റാനുള്ള അംഗീകാരം നേടണം. സ്റ്റേറ്റ് മിഷന്റെ ഇടപെടൽ ഉണ്ടാകും.

### ക്വാർട്ടർ – 3
### നവംബർ–ജനുവരി

- ശാക്തീകരണം , മറ്റു സാധ്യതാ പഠനങ്ങൾ
- വിശകലനം , തുടർ പ്രവർത്തനങ്ങൾ

### മോണിറ്ററിങ് പാരാമീറ്റർ

- യൂണിറ്റുകളുടെ വാർഷിക വരുമാനം, ഉത്പന്ന വൈവിധ്യം
- ബയോ ഫാർമസിയുടെ സേവനം ലഭിച്ച കൃഷി സംഘങ്ങളുടെ എണ്ണം.
- ഓരോ ഓർഗാനിക് ക്ലസ്റ്ററിലേയ്ക്കും വിതരണം ചെയ്ത ജൈവ വളങ്ങളുടെ അളവ്.
- ബയോ ഫാർമസിയുടെ സേവനം ലഭിച്ച ജെ എൽ ജി ഇതര കർഷകരുടെ എണ്ണം

**ചുമതലയുള്ള വ്യക്തി: ആര്യ. എസ്. ബി.**
എസ്.എ.പി.എം (എം.കെ.എസ്.പി)

# AG 23 യന്ത്രവത്കരണം

## ലക്ഷ്യം

- യന്ത്രവത്കരണം വഴി ഉത്പാദനവും ഉത്പാദനക്ഷമതയും കൂട്ടുക.
- ഓരോ ജില്ലക്കും ആവശ്യമനുസ്സരിച്ചു 10 ലക്ഷം രൂപ വരെ ഈ പദ്ധതിക്കായി അനുവദിക്കും.

## പശ്ചാത്തലം

നാളിതുവരെ കാർഷിക പദ്ധതികൾക്ക് കൃഷി യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കൃഷി രീതികൾ പരിചയപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കുടുംബശ്രീയുടെ കാർഷിക മേഖല സംഘകൃഷി അടിസ്ഥാനമാക്കിയുള്ളതാ യതിനാൽ യന്ത്രവത്കരണത്തിന്റെ പ്രാധാന്യവും പ്രസക്തിയും വലുതാണ്. വനിതാ സൗഹൃദ കാർഷിക യന്ത്രങ്ങളിലൂടെ ആധുനികവത്കരണത്തിനും വരുമാന വർദ്ധനവിനും കഴിയും.

## പ്രവർത്തന തന്ത്രം

- സ്ത്രീ സൗഹൃദ യന്ത്രങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് എഫ് എഫ്സികൾ വഴിയോ സി. ഡി. എസ്. വഴിയോ ആവശ്യകത അനുസരിച്ചു ധനസഹായം നൽകി യന്ത്രവത്കരണം നടപ്പിലാക്കും.
- ന്യായമായ വാടകയ്ക്ക് അത് കർഷകർക്ക് ലഭ്യമാക്കും
- പരിശീലനവും സാങ്കേതിക സഹായവും എഫ്എഫ്സികൾ വഴി നൽകും.

## ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ

### ക്വാർട്ടർ – 1

### മെയ് – ജൂലൈ

- FFC ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശകലനവും തുടർ നടപടികളും.
- FFCകളേയോ CDSകളേയോ അടിത്തറയാക്കി എല്ലാ പഞ്ചായത്തുക ളിലും ADMC, DPM, BC മാർ എന്നിവർ യോഗങ്ങൾ വിളിച്ചു ചേർക്ക ണം. പ്രസ്തുത യോഗങ്ങളിൽ എല്ലാ JLG കളിലെയും പ്രതിനിധികൾ, CRPs, വാർഡ് മെമ്പർമാർ, CDS ഭാരവാഹികൾ , കൃഷി ഓഫീസർ മാർ മറ്റു ഭാഗഭാക്കുകൾ എന്നിവരെ പങ്കെടുപ്പിക്കണം . ഓരോയിട ത്തെയും ആവശ്യകത അറിയാൻ സർവ്വേക്കു ഇഞ്ഞജമാരെ നിയോ ഗിക്കുക. ഇതിനു ഹോണറേറിയം നൽകാം . വേണ്ട യന്ത്രങ്ങളുടെ പട്ടിക ബ്ലോക്ക് അടിസ്ഥാനത്തിൽ തരം തിരിച്ചു സംസ്ഥാന മി ഷനിൽ സമർപ്പിക്കേണ്ട ചുമതല DPM, ADMC എന്നിവരുടേതാണ് (ആവശ്യകതാ നിർണ്ണയം )

## ക്വാർട്ടർ – 2
## ഓഗസ്റ്റ്–ഒക്ടോബർ

- യന്ത്രങ്ങൾ വാങ്ങുന്നത്  രണ്ടാം പാദത്തിൽ പൂർത്തീകരിക്കും. ഒപ്പം കർഷകരെ പരിശീലനം നൽകി യന്ത്രവൽക്കരണത്തിനു സജ്ജരാക്കും
- കുടുംബശ്രീക്കകത്തും പുറത്തുമുള്ള കർഷകർക്ക്  (വാടകക്ക് ) ഈ യന്ത്രങ്ങളുടെ സേവനം നൽകാവുന്നതാണ് . JLGകളെ പ്രാപ്ത രാക്കുകയും ഉപയോഗിക്കാൻ പ്രേരിപ്പിക്കുകയും ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കാൻ ശ്രദ്ധിക്കയും വേണ്ടത് ഈ ഘട്ടത്തിലാണ് .

## ക്വാർട്ടർ – 3
## നവംബർ–ജനുവരി

- അവസാന പാദത്തിൽ സർവ്വേയിൽ കണ്ടെത്തിയ എല്ലാ കൃഷി സംഘങ്ങളും മെഷീനുകളുടെ സേവനം ഉപയോഗിക്കുന്നുണ്ട് എന്ന് കൃത്യമായി ഉറപ്പു വരുത്തണം. ഇതിനായി ജീവ അംഗങ്ങളെ നിയോഗിക്കാം  . പദ്ധതി നിരീക്ഷണം ശക്തമാക്കുകയും പോരായ്മകൾ പരിഹരിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും വേണം
- വിശകലനം , തുടർ പ്രവർത്തനങ്ങൾ

## മോണിറ്ററിംഗ് പാരാമീറ്റർ

- യന്ത്രവത്കരണം വഴി സേവനം ലഭ്യമാക്കുന്ന കൃഷി സംഘങ്ങളുടെ എണ്ണം
- ഉത്പാദനത്തിലുണ്ടായ വർദ്ധനവ്
- കർഷകരുടെ ചിലവിലുണ്ടായ കുറവ്
- വാടക ഇനത്തിൽ സി. ഡി. എസ്സിന് ലഭിക്കുന്ന വരുമാനം.

ചുമതലയുള്ള വ്യക്തി: **ശ്രീപ്രിയ. ആർ**
എസ്.എ.പി.എം (എം.കെ.എസ്.പി)

# തുടർ കാർഷിക പദ്ധതികൾ
# (2018 – 19)

## AG 01 ജൈവ കൃഷി

**ലക്ഷ്യം**

- ജൈവ കൃഷി രീതിയിലൂടെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുക
- കുടുംബശ്രീ വനിതാ കർഷകരിലൂടെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുകയും അധിക വരുമാനം ലഭ്യമാക്കുന്നതിനായി 10000 ഹെക്ടർ സ്ഥലത്തു കൃഷി വ്യാപിപ്പിക്കുക.

**പശ്ചാത്തലം**

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ (എൻ.ആർ.എൽ.എം.) സഹായത്തോടു കൂടി കുടുംബശ്രീ ആരംഭിച്ച പദ്ധതി ആണ് ജൈവ കൃഷി. മൂന്നു വർഷം കൊണ്ട് എല്ലാ ജില്ലകളിലുമായി 201 ക്ലസ്റ്ററുകൾ രൂപീകരിച്ച്, 10000 ഹെക്ടറിൽ ഒരു ലക്ഷത്തിലധികം വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കുക എന്നതാണ് ലക്ഷ്യം. നാളിതു വരെ 6856 ഏക്കർ സ്ഥലത്തു 39593 കർഷകർ കൃഷി ചെയ്തു വരുന്നു. 2019 - 20ൽ രണ്ടാം വർഷത്തിലേക്ക് കടക്കുന്ന ഈ പദ്ധതി ആനുപാതികമായ പുരോഗതി കൈവരിക്കേണ്ടതാണ്.

**പ്രവർത്തന തന്ത്രം**

- ജൈവ കൃഷിയിൽ രജിസ്റ്റർ ചെയ്യുന്ന കൃഷി സംഘങ്ങൾക്ക് 10 ശതമാനം അധിക ഇൻസെന്റീവ്
- ജൈവ കൃഷി പ്രചരിപ്പിക്കാൻ കുടുംബശ്രീ രംഗശ്രീ ഗ്രൂപ്പിന്റെ സഹകരണത്തോടെ തെരുവു നാടകങ്ങൾ
- ഏറ്റവും കൂടുതൽ ജെഎൽജികളെയും കൃഷിസ്ഥലത്തെയും ജൈവ കൃഷിയിൽ ഉൾക്കൊള്ളിക്കുന്ന ജില്ലകൾക്ക് അവാർഡ്
- യുക്തമെന്നു തോന്നുന്ന പക്ഷം തിരഞ്ഞെടുത്ത ആർ സിക്കു പുറമെ യോഗ്യരായ ഏജൻസികൾ/വകുപ്പുകൾ മുഖാന്തരം ജൈവകൃഷിയിൽ പരിശീലനം നൽകാവുന്നതാണ്.

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ – 1**

**മെയ്– ജൂലൈ**

- നിലവിലെ 2742 ഹെക്ടറിന് പുറമെ 958 ഹെക്ടറിൽ കൃഷിയിറക്കുക. 6615 ലോക്കൽ ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുക.
- സി. എൽ. സി, കർഷകർ എന്നിവർക്കുള്ള വിവിധഘട്ട പരിശീലനങ്ങൾ സംഘടിപ്പിക്കുക

**ക്വാർട്ടർ – 2**
**ഓഗസ്റ്റ്–ഒക്ടോബർ**

- പുതുതായി 1500 ഹെക്ടറിൽ കൃഷിയിറക്കുക.
- നിലവിൽ രൂപീകരിച്ച ലോക്കൽ ഗ്രൂപ്പിലേയ്ക്ക് കൂടുതൽ കർഷകരെ ഉൾപ്പെടുത്തുക.
- സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള തുടർ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക.
- ജെ എൽ ജി ക്യാംപയിനോട് അനുബന്ധിച്ചു കൂടുതൽ ജെ എൽ ജി കളെ ജൈവ കൃഷിയിലേക്ക് കൊണ്ടുവരുക
- ബയോ ഫാർമസിയുടെ സേവനം ഉപയോഗിക്കുക
- സി എൽ സികൾക്കും കർഷകർക്കുമുള്ള പരിശീലനം തുടരുക

**ക്വാർട്ടർ – 3**
**നവംബർ–ജനുവരി**

- പുതുതായി 1500 ഹെക്ടറിൽ കൃഷിയിറക്കുക.
- സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ തുടരുക.
- പരിശീലനം തുടരുക

**മോണിറ്ററിങ് പരാമീറ്റർ**

- രൂപീകരിച്ച ക്ലസ്റ്ററുകളുടെ എണ്ണം
- ജൈവ കർഷകരുടെ എണ്ണം
- കൃഷി സ്ഥലത്തിന്റെ വിസ്തൃതി
- രെജിസ്ട്രേഷൻ പൂർത്തീകരിച്ച ലോക്കൽ ഗ്രൂപ്പുകളുടെ എണ്ണം

**ചുമതലയുള്ള വ്യക്തി : ഐശ്വര്യ വി. എ.**
എസ്.എ.പി.എം, (എം.കെ.എസ്.പി)

## AG 03 ഇന്റെൻസീവ് വാഴ കൃഷി

**ലക്ഷ്യം**

10000 ഏക്കർ ഭൂമിയിൽ ഏത്തവാഴ കൃഷി വ്യാപിപ്പിക്കുക, ചെറുകിട മൂല്യ വർദ്ധിത സംരംഭങ്ങൾ തുടങ്ങുക.

**പശ്ചാത്തലം**

ഓണം സീസണിൽ നേന്ത്ര വാഴയ്ക്ക് മികച്ച വിപണിയാണ് ലഭ്യമാകുന്നത്. മൂല്യവർധിത ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നത് വഴി കുടുംബ ശ്രീ അംഗങ്ങൾക്ക് മികച്ച വരുമാനം ഓണക്കാലത്തും ലഭ്യമാക്കാൻ സാധിക്കും. കഴിഞ്ഞ രണ്ടു വർഷമായി ഓണക്കാലത്ത് നാട്ടുചന്തകളോ ഓണച്ചന്തകളോ ഉപയോഗപ്പെടുത്തി നേന്ത്രവാഴ വിപണനം നടത്തി വരുന്നു. ഈ സാമ്പത്തിക വർഷം 10000 ഏക്കറിൽ നേന്ത്രവാഴ കൃഷി ചെയ്യുവാനും 200 മൂല്യവർധിത യൂണിറ്റുകൾ രൂപീകരിക്കാനും ലക്ഷ്യമിടുന്നു.

**പ്രവർത്തന തന്ത്രം**

- ഓരോ ജില്ലയിലും കൃഷി ചെയ്യുവാൻ താല്പര്യമുള്ള കൃഷിസംഘങ്ങളെയും മൂല്യവർധിത ഉത്പന്നങ്ങൾ രൂപീകരിക്കുവാൻ താല്പര്യമുള്ള കൃഷിസംഘങ്ങളെയും കണ്ടെത്തുകയും അവർക്കു പരിശീലനങ്ങൾ നൽകുകയും ചെയ്യുന്നു
- പരിശീലനം നേടിയ മൂല്യ വർധിത യൂണിറ്റുകൾക്ക് 10000 രൂപ വീതം റിവോൾവിങ് ഫണ്ട് ആയി അനുവദിക്കുന്നതാണ്.

**മോണിറ്ററിങ് പരാമീറ്റർ:**

- കൃഷിഭൂമിയുടെ വിസ്തൃതി
- ഉത്പാദിപ്പിച്ച ഏത്തവാഴയുടെ വിളവ്
- ആരംഭിച്ച മൂല്യവർദ്ധിത യൂണിറ്റുകളുടെ എണ്ണം.
- ഗുണഭോക്താക്കളുടെ എണ്ണം (വ്യക്തികൾ/ഗ്രൂപ്പുകൾ)
- വരുമാനക്കണക്ക്

ചുമതലയുള്ള വ്യക്തി: **ശ്രീപ്രിയ. ആർ**
എസ്.എ.പി.എം (എം.കെ.എസ്.പി)

## AG 04 തരിശുരഹിത ഗ്രാമം

### ലക്ഷ്യം

ഓരോ ജില്ലയിലും 725 ഏക്കർ എന്ന നിലയിൽ സംസ്ഥാന ത്തൊട്ടാകെ 10,000 ഏക്കർ തരിശു ഭൂമി കണ്ടെത്തി കൃഷിയോ ഗ്യമാക്കുക. തരിശുരഹിത ഗ്രാമങ്ങൾ എന്ന ലക്ഷ്യം പൂർത്തീകരിക്കുക.

### പശ്ചാത്തലം

2018–19 സാമ്പത്തിക വർഷം നടപ്പിലാക്കിയ തരിശുരഹിത ഗ്രാമം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 1400 ഏക്കർ തരിശുഭൂമി കൃഷിയോഗ്യമാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ, 5720 ഏക്കർ തരിശു ഭൂമിയിൽ കൃഷി ഏറ്റെടുക്കാൻ കഴിഞ്ഞു. സാമൂഹികമായും, സാമ്പത്തികമായും, പാരിസ്ഥിതികമായും പ്രാധാന്യമുള്ള പദ്ധതി ആയതിനാൽ വരും വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റും സംയോജിച്ചു പദ്ധതി മുന്നോട്ടു കൊണ്ട് പോകുവാൻ ഉദ്ദേശിക്കുന്നു. ഇതുവഴി ജെ.എൽ.ജി കൾക്ക് കൂടുതൽ കൃഷിഭൂമി ലഭ്യമാക്കാനും ഉപ ജീവനമാർഗ്ഗം കണ്ടെത്താനും കഴിയും.

### പ്രവർത്തന തന്ത്രം

- ഓരോ പഞ്ചായത്തുകളിലെയും തരിശായി കിടക്കുന്ന ഭൂമി കണ്ടെത്തുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മറ്റു വകുപ്പുകളുമായും സംയോജിച്ചു കൃഷി നടത്തുക
- ജെ എൽ ജി ക്യാമ്പയിനുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ ക്രമീകരിക്കുക.

### മോണിറ്ററിങ് പരാമീറ്റർ

- കണ്ടെത്തിയ ഭൂമിയുടെ വിസ്തൃതി
- കൃഷിയോഗ്യമാക്കിയ ഭൂമിയുടെ വിസ്തൃതി
- ഗുണഭോക്താക്കളായ വനിതാ കർഷകരുടെ എണ്ണം

**ചുമതലയുള്ള വ്യക്തി : ഐശ്വര്യ വി. എ.**
എസ്.എ.പി.എം, (എം.കെ.എസ്.പി)

# AG 05 പ്ലാന്റ് നഴ്സറി

**ലക്ഷ്യം:**

- കൂടുതൽ പ്ലാന്റ് നഴ്സറികൾ സ്ഥാപിക്കുക, ഗുണനിലവാരം മെച്ചപ്പെടുത്തുക, വിപണന സാധ്യതകൾ മെച്ചപ്പെടുത്തുക എന്നിവയിലൂടെ ഈ ശൃംഖല ശക്തിപ്പെടുത്തുക. .
- സംസ്ഥാനത്തൊട്ടാകെ 140 യൂണിറ്റുകൾ (പത്തു പുതിയ യൂണിറ്റുകൾ ഓരോ ജില്ലയിലും) സ്ഥാപിക്കുക
- എല്ലാ യുണിറ്റിനും 5000ത്തിൽ കുറയാത്ത മാസ വരുമാനം ഉറപ്പു വരുത്തുക.

**പശ്ചാത്തലം:**

2018 19 വർഷത്തെ പദ്ധതി പ്രകാരം ഓരോ ജില്ലയിലും 15 യൂണിറ്റുകൾ എന്ന നിരക്കിൽ 210 നഴ്സറികൾ തുടങ്ങുക എന്നതായിരുന്നു ലക്ഷ്യം. എന്നാൽ വനിതാ കർഷകരുടെ ഇടയിൽ പ്രതീക്ഷിച്ചതിൽ ഏറെ പ്രതികരണം ലഭിക്കുകയും 280 നഴ്സറികൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ, പദ്ധതി പ്രകാരം നൽകി വരുന്ന മികച്ച പരിശീലനങ്ങളും അനുബന്ധ സഹായങ്ങളും നൽകി പദ്ധതി തുടരും.

**പ്രവർത്തന തന്ത്രം**

- എംകെഎസ്പി ആപ്പ് ഉപയോഗിച്ച് നിലവിലുള്ള നഴ്സറികളെ ജില്ലാടിസ്ഥാനത്തിൽ തരംതിരിച്ചു (ഗ്രെയ്ഡിംഗ്) ഇവയെ കൂടുതൽ കാര്യക്ഷമമാക്കാനുള്ള സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുക.
- റിവോൾവിങ് ഫണ്ടായി അധിക ധനസഹായം ആവശ്യമെങ്കിൽ നൽകുക.
- മൊബൈൽ ആപ്പിലൂടെ മോണിറ്ററിങ് സംവിധാനം ശക്തിപ്പെടുത്തുക.
- നിലവിലുള്ളതും പുതിയതായി ആരംഭിക്കുന്നതുമായ നഴ്സറികൾക്കു കൂടുതൽ വിപണി സാധ്യത ഉറപ്പുവരുത്തുന്നതിനായി പഞ്ചായത്തുകളും മറ്റു സ്ഥാപനങ്ങളുമായുള്ള സംയോജന സാധ്യതകൾ പരമാവധി ഉറപ്പു വരുത്തുക.
- ഗ്രേഡിങ്ങിലൂടെ യൂണിറ്റുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക
- ഏകീകരിച്ച വിളവിവര പട്ടിക എല്ലാ യൂണിറ്റുകളിലും ലഭ്യമാക്കുക

## ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ

### ക്വാർട്ടർ – 1
### മെയ്– ജൂലൈ

- എല്ലാ യൂണിറ്റുകളുടെയും അടിസ്ഥാന വിവരം മൊബൈൽ ആപ്പുമായി ബന്ധിപ്പിക്കുക, കൃത്യസമയത്ത് അപ്ഡേറ്റ് ചെയ്യുക.
- ഗ്രേയ്ഡിംഗ് നടപടികൾ ആരംഭിക്കുക.
- രജിസ്റ്റർ, വിലവിവര പട്ടിക എന്നിവ ക്രമീകരിക്കുക.

### ക്വാർട്ടർ – 2
### ഓഗസ്റ്റ്–ഒക്ടോബർ

- ഗ്രേഡിംഗ് പൂർത്തിയാക്കുക.
- ആവശ്യമായ യൂണിറ്റുകൾക്ക് പരിശീലനവും അധിക ധനസഹായവും ലഭ്യമാക്കുക
- പ്രചാരണം നൽകുക.

### ക്വാർട്ടർ – 3
### നവംബർ–ജനുവരി

- പ്രവർത്തന പുരോഗതി, വിപണന മികവ്, വരുമാന വർദ്ധനവ്
- തുടർ പ്രവർത്തനങ്ങൾ

### മോണിറ്ററിങ് പരാമീറ്റർ

- പ്രവർത്തനം ആരംഭിച്ച ജൈവിക പ്ലാന്റ് നഴ്സറികളുടെ എണ്ണം
- റിവോൾവിങ് ഫണ്ട് ലഭ്യമാക്കിയ യൂണിറ്റുകളുടെ എണ്ണം.
- ഓരോ യൂണിറ്റിന്റെയും വിറ്റുവരവ്, വാർഷിക വരുമാനം എന്നിവ.

**ചുമതലയുള്ള വ്യക്തി: ആര്യ. എസ്. ബി.**
എസ്.എ.പി.എം (എം.കെ.എസ്.പി)

# AG 06 സഞ്ജീവനി അഗ്രി തെറാപ്പി

### ലക്ഷ്യം

മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന ബഡ്സ് ബിആർസി സ്ഥാപനങ്ങളിലെ കുട്ടികൾക്ക് കൃഷിയിലൂടെ മാനസിക ശാരീരിക ഉന്നമനം

### പശ്ചാത്തലം

കുടുംബശ്രീ ബഡ്സ്, ബിആർസി സ്ഥാപനങ്ങളിലെ കുട്ടികൾക്ക് കൃഷിയിലൂടെ മാനസികവും ശാരീരികവുമായ വികസനവും വളർച്ചയും ലക്ഷ്യം വച്ചുകൊണ്ട് എംകെഎസ്പി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് സഞ്ജീവനി. സ്ഥാപനത്തോട് ചേർന്ന് 2 സെന്റ് സ്ഥലത്തോ ഗ്രാമ പഞ്ചായത്ത് മുഖേന കണ്ടെത്തുന്ന സ്കൂളിനോടു ചേർന്ന സ്ഥലത്തോ കുട്ടികളുടെ നേതൃത്വത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതാണ്. നിലവിൽ 181 സ്കൂളുകളിൽ ഈ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു.

### പ്രവർത്തന തന്ത്രം

- നിലവിലുള്ളവയ്ക്ക് പരിശീലനവും സാമ്പത്തിക സഹായങ്ങളും തുടർന്നും നൽകുകയും കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്യും

### മോണിറ്ററിങ് പരാമീറ്റർ

- കൃഷി ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം.
- കൃഷിചെയ്ത ഭൂമിയുടെ അളവ്
- വിളയുടെ എണ്ണം, ഉത്പാദനം, വിറ്റുവരവ്.

ചുമതലയുള്ള വ്യക്തി: **ശ്രീപ്രിയ. ആർ**
എസ്.എ.പി.എം (എം.കെ.എസ്.പി)

# AG 07 പ്രൊഡ്യൂസർ കമ്പനി/ പ്രൊഡ്യൂസർ ഓർഗനൈസേഷൻ

**ലക്ഷ്യം**

കർഷക കൂട്ടായ്മകൾ രൂപീകരിച്ചു ഓരോ ജില്ലയിലും ഉത്പാദക കമ്പനികൾ/ഓർഗനൈസേഷൻ രൂപീകരിക്കുന്നത് വഴി കർഷകരുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതിനൊപ്പം കർഷകരെ സംരംഭകർ എന്ന നിലയിലേക്കു ഉയർത്തുകയും ചെയ്യുക.

**പശ്ചാത്തലം**

കർഷകരിൽനിന്നും സംരംഭകരിലേയ്ക്ക് എന്ന ആശയം മുൻനിർത്തിയാണ് എഫ് പി ഒ/ എഫ് പി സിയുടെ പദ്ധതി 2018-19ൽ ആവിഷ്കരിച്ചത്. ഈ പദ്ധതി പ്രകാരം ജില്ലകളിൽ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും തുടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

**പ്രവർത്തന തന്ത്രം**

- അഞ്ചു ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് (പത്തനംതിട്ട, തൃശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്) പാലക്കാട് തൃശൂർ ജില്ലകളിൽ കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു
- നബാർഡുമായുള്ള സംയോജനം
- ജില്ലാ മിഷൻ ടീമുകളെ എക്സ്പോഷർ വിസിറ്റ്, ക്ലാസ്സുകൾ, പ്രൊഡ്യൂസർ കമ്പനി ആരംഭിച്ച് വിജയിച്ചവരുമായി നേരിട്ടുള്ള ചർച്ച, മുതലായ പരിപാടികളിലൂടെ ശാക്തീകരിക്കും.
- നബാർഡുമായി ചർച്ച നടത്തി കർഷകർക്ക് ഏറ്റവും മികച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കും.
- പ്രസ്തുത കമ്പനി/ ഓർഗനൈസേഷനുകൾക്ക് നെല്ല് സംഭരിക്കുന്നതിനായി 20 ലക്ഷം രൂപ വരെ പാഡി പ്രൊക്യൂർമെൻറ് ആൻഡ് പ്രോസസ്സിംഗ് ഫണ്ട് ആയി (പി പി പി എഫ് ) അനുവദിക്കും.

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ – 1**

**മെയ് – ജൂലൈ**

- പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകൾ രജിസ്ട്രേഷനും ഉദ്ഘാടനവും പൂർത്തീകരിക്കുക.
- ബാക്കി മൂന്നു ജില്ലകൾ രജിസ്ട്രേഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക.

**ക്വാർട്ടർ – 2**
**ഓഗസ്റ്റ്–ഒക്ടോബർ**

- പത്തനംതിട്ട, കോഴിക്കോട്, വയനാട്, എന്നീ ജില്ലകളിൽ രജിസ്ട്രേഷനും ഉദ്ഘാടനവും പൂർത്തീകരിക്കുക.

**ക്വാർട്ടർ – 3**
**നവംബർ–ജനുവരി**

- കമ്പനി/ ഓർഗനൈസേഷനുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുക.

**മോണിറ്ററിങ് പരാമീറ്റർ**

- പ്രവർത്തനമാരംഭിച്ച കമ്പനി/ ഓർഗനൈസേഷനുകളുടെ എണ്ണം
- അവയുടെ വാർഷിക വരുമാനം

**ചുമതലയുള്ള വ്യക്തി : ഐശ്വര്യ വി. എ.**
എസ്.എ.പി.എം, (എം.കെ.എസ്.പി)

# AG 08 ഇടത്തരം മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങൾ

**ലക്ഷ്യം**

- വിവിധ വിളകളിൽ മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങൾ ആരംഭിക്കുക വഴി ഉൽപ്പന്ന വൈവിധ്യവൽക്കരണം, ബ്രാൻഡിംഗ് ,ലൈസൻസിംഗ്, എന്നിവയിലൂടെ വനിതാ കർഷകർക്കു ഉയർന്ന വരുമാനം ഉറപ്പു വരുത്തുന്നു.
- സംസ്ഥാനമൊട്ടാകെ 100 പുതിയ യൂണിറ്റുകൾ (7 യൂണിറ്റുകൾ വീതം ഓരോ ജില്ലയിലും) ആരംഭിക്കുക .
- ഓരോ യൂണിറ്റിനും 10,000 രൂപയിൽ കുറയാത്ത മാസ വരുമാനം ഉറപ്പുവരുത്തുക .

**പശ്ചാത്തലം**

കുടുംബശ്രീയുടെ കീഴിൽ  വിവിധ വിളകൾ, കൃഷിസംഘങ്ങൾ കൃഷി ചെയ്യുന്നുണ്ട് എങ്കിലും മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങൾ ആരംഭിച്ചിരുന്നില്ല. വരുമാന വർദ്ധനവ്, സംരംഭകത്വം, വൈവിധ്യവൽക്കരണം എന്നീ തലങ്ങളിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. വലിയ പ്രതികരണമാണ് എല്ലാ ജില്ലകളിലേയും കർഷകരിൽ നിന്നും ലഭിച്ചത്. തൽഫലമായി 167 സംരംഭങ്ങൾ വിവിധ ഉൽപ്പന്നങ്ങൾക്കായി തുടങ്ങുവാൻ കഴിഞ്ഞു. തുടർന്നും ഈ പദ്ധതി പ്രകാരം സംരംഭങ്ങൾ തുടങ്ങുവാനും നിലവിലുള്ളവയെ ശക്തിപ്പെടുത്താനും കഴിയും.

**പ്രവർത്തന തന്ത്രം**

- താൽപ്പര്യമുള്ള കൃഷിസംഘങ്ങൾക്ക് സാങ്കേതിക സാമ്പത്തിക സഹായം നൽകും
- 4.5 ലക്ഷം മുതലുള്ള ബാങ്ക് വായ്പകൾക്ക് 40% അല്ലെങ്കിൽ പരമാവധി 2 ലക്ഷം രൂപ സബ്സിഡിയായി നൽകും. സംരംഭം ആരംഭിച്ച് നാലുമാസം കഴിയുമ്പോഴാണ് സബ്സിഡി തുക അനുവദിക്കുക. ബാക്കി തുക ബാങ്ക് വായ്പ വഴിയോ മറ്റു ധന സ്രോതസ്സ് വഴിയോ സംരംഭകർക്ക് കണ്ടെത്താവുന്നതാണ്.
- കൂടുതൽ സംരംഭങ്ങൾ ഉള്ള സ്ഥലങ്ങളിൽ ആവശ്യകത അനുസരിച്ച് പൊതു സഹായ കേന്ദ്രങ്ങൾ (സിഎഫ്സി) നൽകും. പൊതുസഹായ കേന്ദ്രങ്ങൾക്ക് ആകെ തുകയുടെ 40% അല്ലെങ്കിൽ പരമാവധി മൂന്ന് ലക്ഷം രൂപ വരെ സബ്സിഡി തുക അനുവദിക്കും.
- FSSAI ലൈസൻസിംഗ്, പാക്കിംഗ്, ബ്രാന്റിംഗ്, വിപണി എന്നിവക്ക് ഊന്നൽ നൽകി ഗുണനിലവാരം വർധിപ്പിക്കും

## ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ

### ക്വാർട്ടർ – 1

### മെയ്– ജൂലൈ

- ഓരോ ജില്ലയിൽ കണ്ടെത്തിയ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുക
- വനിതാ സംരംഭകർക്ക് മൂല്യ വർദ്ധിത ഉത്പന്ന നിർമാണത്തിലുപരി ബ്രാൻഡിംഗ് ,ലൈസൻസിംഗ്, പാക്കിങ്, വിപണന തന്ത്രങ്ങൾ എന്നിവയിൽ ഊന്നൽ നൽകിയുള്ള പരിശീലനങ്ങൾ ലഭ്യമാക്കുക.

### ക്വാർട്ടർ – 2

### ഓഗസ്റ്റ്–ഒക്ടോബർ

- ലൈസൻസിംഗ് ആരംഭിക്കുക , തുടർ പ്രവർത്തനങ്ങൾ ക്രമീകരിക്കുക .

### ക്വാർട്ടർ – 3

### നവംബർ–ജനുവരി

- FSSAI ലൈസൻസിങ്ങോടുകൂടിയ കുടുംബശ്രീ ബ്രാൻഡഡ് ഉത്പന്നങ്ങൾ മികവാർന്ന പാക്കിങ്ങിൽ വിപണിയിലെത്തിക്കുക.

### മോണിറ്ററിങ് പരാമീറ്റർ

- ഓരോ ജില്ലയിലും തുടങ്ങുന്ന ഇടത്തരം മൂല്യ വർദ്ധിത സംരംഭങ്ങളുടെ എണ്ണം, ഉത്പന്ന വൈവിധ്യം ,വാർഷിക വിറ്റുവരവ് ,ലാഭവിഹിതം
- മേൽ പറഞ്ഞ നിലവാരത്തിലുള്ള എത്ര യൂണിറ്റുകൾ ജില്ലകളിൽ പ്രവർത്തിക്കുന്നു.

**ചുമതലയുള്ള വ്യക്തി: ആര്യ. എസ്. ബി.**
എസ്.എ.പി.എം (എം.കെ.എസ്.പി)

# AG 09 ട്രൈബൽ ജെ.എൽ.ജി./ജീവ

**ലക്ഷ്യം**

- ട്രൈബൽ വിഭാഗങ്ങളിൽ ജെ.എൽ.ജി. രുപീകരണം
- സംസ്ഥാനത്തൊട്ടാകെ 350 ട്രൈബൽ ജെ.എൽ.ജികൾ രൂപീകരിക്കുക. (ഓരോ ജില്ലയിലും 25)

**പശ്ചാത്തലം**

ട്രൈബൽ മേഖലയിൽ കൂടുതൽ കൃഷി സംഘങ്ങളെയും ജെ.എൽ.ജി. (മാസ്റ്റർ ഫാർമർ ട്രെയിനർമാർ)യെയും രൂപീകരിച്ച് പട്ടികജാതി/പട്ടിക വർഗ്ഗ വനിതാ കർഷകരെ സാമുഹികപരമായും സാമ്പത്തികമായും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2018-19 ൽ ഈ പദ്ധതി ആരംഭിച്ചത്. ഇതിനകം തന്നെ 760 കൃഷി സംഘങ്ങളെയും 64 ജീവ അംഗങ്ങളെയും രൂപീകരിക്കാനും കൃഷിയിലേയ്ക്ക് കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്.

**പ്രവർത്തന തന്ത്രം**

- പുതിയതായി രൂപീകരിക്കുന്നതും മുൻ വർഷങ്ങളിൽ പ്രവർത്തിക്കുന്നതുമായ കൃഷി സംഘങ്ങൾക്കും ജീവ അംഗങ്ങൾക്കും പരിശീലനവും നിലവിലുള്ള മറ്റു സഹായങ്ങളും ലഭ്യമാക്കുന്നു.
- ട്രൈബൽ കൃഷിസംഘങ്ങൾക്ക് 10,000 രൂപ വീതം റിവോൾവിംഗ് ഫണ്ട്.

**മോണിറ്ററിങ് പരാമീറ്റർ**

- രൂപീകൃതമാകുന്ന കൃഷി സംഘങ്ങളുടെ എണ്ണം, കാർഷിക വിസ്തൃതി
- വാർഷിക വരുമാനം, സാമ്പത്തിക, പുരോഗതി

ചുമതലയുള്ള വ്യക്തി: **ശ്രീപ്രിയ. ആർ**
എസ്.എ.പി.എം (എം.കെ.എസ്.പി)

## AG 10 ഔഷധ സസ്യകൃഷി

### ലക്ഷ്യം

- ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുകയും ഉപജീവന മാർഗ്ഗമായി കാർഷിക മേഖലയിൽ പ്രചരിപ്പിക്കുകയും ചെയ്യുക
- ആകെ 350 ഹെക്ടർ ഭൂമിയിൽ ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുക

### പശ്ചാത്തലം

കേരളത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും ഔഷധസസ്യ കൃഷിക്ക് വളരെ യോജിച്ചതാണ്. കൃഷി സംഘങ്ങൾക്ക് ഔഷധസസ്യ കൃഷി യിൽ പരിശീലനമോ മറ്റ് സഹായങ്ങളോ നൽകിയിരുന്നില്ല. ആയുർവേദ ഉൽപ്പന്നങ്ങൾക്ക് ഓരോ വർഷവും ആവശ്യകത കൂടി വരുകയാണ്. ഈ രംഗത്തെ സാധ്യത കണക്കിലെടുത്താണ് ഔഷധസസ്യ കൃഷി പദ്ധതി രൂപവൽക്കരിച്ചത്. പദ്ധതി പ്രകാരം 230 ഹെക്ടറിൽ ആടലോടകം, കുടങ്ങൽ, കറ്റാർ വാഴ, വാതം കൊല്ലി, തുളസി എന്നിങ്ങനെ വിവിധ ഔഷധസസ്യങ്ങൾ 6 ജില്ലകളിലായി 633 കൃഷി സംഘങ്ങൾ കൃഷി ചെയ്തു വരുന്നു. വരും വർഷത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ പദ്ധതി തുടരും.

### പ്രവർത്തന തന്ത്രം

- കൃഷിസംഘങ്ങൾക്ക് സാങ്കേതിക പരിശീലനങ്ങൾ, എക്സ്പോഷർ വിസിറ്റ്, ഏരിയ ഇൻസെന്റീവ്, പലിശ സബ്സിഡി മുതലായവ
- മറ്റു വകുപ്പുകളുമായുള്ള സംയോജന പദ്ധതികൾ
- വിപണനരംഗത്ത് സ്വകാര്യ/സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ പങ്കാളിത്തം

### മോണിറ്ററിങ് പരാമീറ്റർ

- ഔഷധകൃഷിയിൽ ഏർപ്പെടുന്ന കൃഷി സംഘങ്ങളുടെ എണ്ണം, സ്ഥലവിസ്തൃതിയിലുള്ള വർദ്ധനവ്
- വാർഷിക വരുമാന വർദ്ധനവ്, ലാഭ വിഹിതം
- സംയോജിത പദ്ധതികളുടെ വിജയശതമാനം

**ചുമതലയുള്ള വ്യക്തി : ഐശ്വര്യ വി. എ.**
എസ്.എ.പി.എം, (എം.കെ.എസ്.പി)

# AG 11 നെല്ല് ഉൽപ്പാദന കൂട്ടായ്മകൾ

**ലക്ഷ്യം**

ജില്ലകളിൽ നെൽകൃഷി കൂടുതൽ ഉള്ള പ്രദേശങ്ങളിൽ നെല്ല് ഉൽപ്പാദകരുടെ 100 കൂട്ടായ്മകൾ സംസ്ഥാനത്തൊട്ടാകെ രൂപീകരിക്കുക. ഇടുക്കി ഒഴികെ എല്ലാ ജില്ലകളിലും കുറഞ്ഞത്  കൂട്ടായ്മകൾ രൂപീകരിക്കേണ്ടതാണ് നെല്ല് സംഭരണം, സംസ്ക്കരണം, വിപണനം നടത്തുന്നതിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുക.

**പശ്ചാത്തലം**

മലയാളികളുടെ ഭക്ഷണത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് അരി. എന്നാൽ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് മികച്ച വിപണിയും വിലയും ലഭ്യമാകാത്തതിനാലും മറ്റു കാരണങ്ങളാലും ഇന്ന് കേരളത്തിൽ നെൽകൃഷിയുടെ വ്യാപനം കുറയുകയാണ്.ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായും നെൽകൃഷി വ്യാപിപ്പിക്കുന്നതിനായും കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതിയാണ് നെല്ല് ഉൽപ്പാദന കൂട്ടായ്മകൾ. കഴിഞ്ഞ സാമ്പത്തിക വർഷം ജില്ലാതലത്തിൽ പ്രാദേശികമായി 1642 ടൺ നെല്ല് സംഭരിക്കുകയും 876 ടൺ നെല്ല് സംസ്ക്കരിച്ചു തദ്ദേശീയമായി ബ്രാൻഡ് ചെയ്തു വിപണിയിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. 2019  20 സാമ്പത്തികവർഷം പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിനു ഉദ്ദേശിക്കുന്നു. ജില്ലാ അടിസ്ഥാനത്തിൽ തദ്ദേശീയമായി കൂടുതൽ നെല്ല് ഉൽപ്പാദക കൂട്ടായ്മകൾ രൂപീകരിക്കാനും കൂടുതൽ നെല്ല് സംഭരിച്ചു ബ്രാൻഡ് ചെയ്തു വിപണിയിൽ എത്തിക്കാനും ലക്ഷ്യം വയ്ക്കുന്നു

**പ്രവർത്തന തന്ത്രം**

- ജില്ലാടിസ്ഥാനത്തിൽ തദ്ദേശീയമായി നെല്ല് ഉൽപ്പാദക കൂട്ടായ്മകൾ രൂപീകരിക്കുകയും, ട്രെയിനിംഗ്, എക്സ്പോഷർ വിസിറ്റ് എന്നിവ ലഭ്യമാക്കുകയും ചെയ്യും.
- പ്രസ്തുത കൂട്ടായ്മകൾക്ക് നെല്ല് സംഭരിക്കുന്നതിനായി 2 ലക്ഷം രൂപ വരെ പാഡി കളക്റ്റീവ്സ് ഫണ്ട് ആയി (പി സി എഫ് ) അനുവദിക്കും.

**മോണിറ്ററിങ് പരാമീറ്റർ**

- രൂപീകരിച്ച കൂട്ടായ്മകളുടെ എണ്ണം
- സംഭരിച്ച നെല്ല്, സംസ്കരിച്ച നെല്ല്
- വിപണന വിവരങ്ങൾ

**ചുമതലയുള്ള വ്യക്തി: ആര്യ. എസ്. ബി.**
എസ്.എ.പി.എം (എം.കെ.എസ്.പി)

## AG 12 ടെക്നോളജി ഫണ്ട്

### ലക്ഷ്യം

- സംസ്ഥാനത്താകെ 30 (കുറഞ്ഞത് 2 ഓരോ ജില്ലയിലും ) നൂതനമായ കാർഷിക സാങ്കേതിക വിദ്യകൾ അവലംബിക്കാൻ കർഷകർക്ക് അവസരം നൽകുക.

### പശ്ചാത്തലം

വനിതാ കർഷകരിലൂടെ നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി കൃഷി വിപുലീകരിക്കാൻ പ്രാപ്തരാക്കുക കുടുംബശ്രീയുടെ ലക്ഷ്യമാണ്. എല്ലാ ജില്ലകളിൽ നിന്നും ടെക്നോളജി ഫണ്ട് ലഭ്യമാക്കാനുള്ള പ്രൊപ്പോസലുകൾ സംസ്ഥാന മിഷന് ലഭ്യമായിട്ടുണ്ട്. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ ഈ വർഷം തന്നെ പ്രവർത്തന സജ്ജമാകും.

### പ്രവർത്തന തന്ത്രം

- ജില്ലകളിൽ നിന്നും ലഭ്യമായ പ്രൊപ്പോസലുകൾ പരിശോധിക്കാനും വിദഗ്ദ്ധ അഭിപ്രായത്തിനുമായി വിദഗ്ദ്ധരടങ്ങിയ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു.
- സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി തുകയുടെ 40%മോ പരമാവധി രണ്ടു ലക്ഷം രൂപയോ നൽകും.

### മോണിറ്ററിംഗ് പാരാമീറ്റർ:

- അംഗീകരിച്ച പദ്ധതിയിൽ പ്രവർത്തനം ആരംഭിച്ച പദ്ധതികളുടെ എണ്ണം
- വാർഷിക വരുമാനം
- ബെനിഫിറ്റ് കോസ്റ്റ് അനുപാതം
- കാർഷിക സാങ്കേതികവിദ്യകൾ അവലംബിച്ച കൃഷിസംഘങ്ങളുടെ എണ്ണം

ചുമതലയുള്ള വ്യക്തി: **ശ്രീപ്രിയ. ആർ**
എസ്.എ.പി.എം (എം.കെ.എസ്.പി)

## ബന്ധപ്പെടേണ്ട വ്യക്തികൾ

**ഐശ്വര്യ വി. എ**
എസ്.എ.പി.എം (എം.കെ.എസ്.പി) **6282388112**

**ആര്യ എസ്. ബി**
എസ്.എ.പി.എം (എം.കെ.എസ്.പി) **9349877636**

**ശ്രീപ്രിയ ആർ**
എസ്.എ.പി.എം (എം.കെ.എസ്.പി) **9446044796**

**ആതിര**
എസ്.എ.പി.എം (എം.കെ.എസ്.പി) **9497472520**

## കുറിപ്പുകൾ

## കുറിപ്പുകൾ

## കുറിപ്പുകൾ